23
വെള്ളി
ഡിസംബർ 2022
1198 ധനു 07
Vol.4 Issue No.115

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com



## അന്താരാഷ്ട്ര യാത്രകൾ ഒഴിവാക്കണം, കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണം– ഐഎംഎ

**ന്യൂഡൽഹി:** വിവിധ രാജ്യങ്ങളിൽ കോവിഡ് കേസുകൾ വർധിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ അടിയന്തരമായി കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് മുന്നറിയിപ്പ് നൽകി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐഎംഎ). ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ജാഗ്രത മതിയെന്നും ഐഎംഎ വാർത്താ കുറിപ്പിൽ അറിയിച്ചു.

നിലവിലെ സാഹചര്യത്തിൽ അന്താരാഷ്ട്ര യാത്രകൾ ഒഴിവാക്കണമെന്നും കോവിഡ് വാക്സിൻ ബൂസ്റ്റർ ഡോസ് എല്ലാവരും എടുക്കണമെന്നും ഐഎംഎ നിർദേശിച്ചു. പൊതുസ്ഥലങ്ങളിൽ മാസ്ക് ധരിക്കണം, സാമൂഹിക അകലം പാലിക്കണം, സാനിറ്റൈസർ ഉപയോഗിക്കണം, വിവാഹം, രാഷ്ട്രീയ-സാമൂഹിക യോഗങ്ങൾ തുടങ്ങി കൂടുതൽ ആളുകൾ ഒത്തുചേരുന്ന പരിപാടികൾ ഒഴിവാക്കണമെന്നും ഐഎംഎ നിർദേശങ്ങളിൽ പറയുന്നു.കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ ഇന്ത്യയിൽ 145 പുതിയ കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്തു. ഇതിൽ നാല് കേസുകൾ പുതിയ കോവിഡ് വകഭേദമായ ബിഎഫ് 7 ആണ്. യുഎസ്എ, ജപ്പാൻ, സൗത്ത് കൊറിയ, ഫ്രാൻസ്, ബ്രസീൽ എന്നീ രാജ്യങ്ങളിൽ കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 5.37 ലക്ഷം പുതിയ കോവിഡ് കേസുകളും സ്ഥിരീകരിച്ചിട്ടുണ്ടെന്നും ഐഎംഎ വ്യക്തമാക്കി.



## ലീഗ് യുഡിഎഫിന്റെ അവിഭാജ്യ ഘടകം, കുപ്പായം മാറും പോലെ മുന്നണി മാറില്ല ; പി.കെ കുഞ്ഞാലിക്കുട്ടി

**മലപ്പുറം :**കുപ്പായം മാറും പോല ലീഗ് മുന്നണി മാറില്ലെന്ന് പി.കെ കുഞ്ഞാലിക്കുട്ടി. ഏതെങ്കിലും വിഷയത്തിൽ അഭിപ്രായം പറഞ്ഞാൽ മുന്നണി ധാരണയാണെന്ന് കരുതരുത്. മുഖ്യമന്ത്രിയും സിപിഐഎം സെക്രട്ടറിയും വിഷാധിഷ്ടിതമായാണ് പറഞ്ഞത്. അതെല്ലാം രാഷ്ട്രീയ സഖ്യമായി കാണരുതെന്നും പി.കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. മുഖ്യമന്ത്രിയുടെ ലീഗ് പരാമർശത്തെ ദുർവ്യാഖ്യാനം ചെയ്യേണ്ട കാര്യമില്ല. ലീഗിനെ പ്രശംസിക്കുക മാത്രമല്ല മുഖ്യമന്ത്രി ചെയ്തത്.എതിർക്കേണ്ട വിഷയം വരുമ്പോൾ എതിർത്തിട്ടുണ്ട്.അനുകൂലിക്കേണ്ടപ്പോൾ അനുകൂലിച്ചിട്ടുമുണ്ട് എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഗവർണർ വിഷയത്തിൽ ലീഗ് കൃത്യമായ നിലപാട് സ്വീകരിച്ചു.മെറിറ്റിന് അനുസരിച്ചാണ് നിലപാടുകൾ സ്വീകരിക്കുന്നത്.അതിൽ മുന്നണി പ്രശ്നം ഇല്ല. ബഫർസോൺ വിഷയത്തിൽ സർക്കാരിന് വീഴ്ചകൾ വന്നു എന്ന് പി കെ കുഞ്ഞാലിക്കുട്ടി. സർക്കാർ വരുത്തിയ വീഴ്ചകൾക്ക് വലിയ വില കൊടുക്കേണ്ടി വന്നു.ഇനിയെങ്കിലും സമയബന്ധിതമായി പ്രവർത്തിക്കണമെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു. കഴിഞ്ഞ ദിവസം ലീഗിനെ പുകഴ്ത്തി മുഖ്യമന്ത്രി പിണറായി വിജയനും സിപിഐഎം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനും രംഗത്തുവന്നിരുന്നു. യുഡിഎഫിന്റെ കരുത്ത് മുസ്‌ലിം ലീഗ് ആണെന്നായിരുന്നു മുഖ്യമന്ത്രിയുടെ പരാമർശം.



## ആഘോഷങ്ങൾ നിയന്ത്രിക്കില്ല; സംസ്ഥാനത്തിന് പുറത്തു നിന്ന് വരുന്നവരെ നിരീക്ഷിക്കും–ആരോഗ്യമന്ത്രി

**തിരുവനന്തപുരം:** കോവിഡ് ഭീതി വീണ്ടും ഉയരുന്ന സാഹചര്യത്തിൽ ജാഗ്രതാനിർദ്ദേശവുമായി സംസ്ഥാന ആരോഗ്യവകുപ്പ്. മാസ്ക് കൃത്യമായി ധരിക്കണം. മുൻകരുതൽ എടുക്കാത്തവർ വാക്സീൻ സ്വീകരിക്കണമെന്ന് ആരോഗ്യവകുപ്പ് നിർദ്ദേശിച്ചു. പുതിയ വകഭേദങ്ങൾ കണ്ടെത്താൻ ജനിതക ശ്രേണീകരണം നടത്തും. എല്ലാ ജില്ലകളിലും നിരീക്ഷണം ശക്തമാക്കാനും ആരോഗ്യമന്ത്രി വീണാ ജോർജ് നിർദ്ദേശം നൽകി.

സംസ്ഥാനത്തിന് പുറത്തുനിന്ന് വരുന്നവരെ കൃത്യമായി നിരീക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കും. ഇത്തരത്തിലുള്ളവർക്ക് ഏതെങ്കിലും തരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളുണ്ടായാൽ ചികിത്സതേടണം. പരിശോധന കർശനമാക്കും. നിലവിൽ പരിശോധനകുറവായതിനാലാണ് കുറഞ്ഞ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതെന്നാണ് വിലയിരുത്തൽ.

ഇനിയും ഒരു അടച്ചിടലിലേക്ക് പോകാൻ കഴിയില്ലെന്ന വിലയിരുത്തലാണ് സർക്കാരിനുള്ളത്. ഇത് ഒഴിവാക്കാനുള്ള ശ്രമങ്ങളാണ് ആരോഗ്യവകുപ്പ് നടത്തുന്നത്. എന്നാൽ, കർശനമായ നിയന്ത്രണങ്ങളിലേക്ക് പോകില്ല. ക്രിസ്മസും പുതുവത്സരവും അടുത്തു വരുന്ന സാഹചര്യത്തിൽ ആഘോഷങ്ങൾ നിയന്ത്രിക്കുന്നതടക്കമുള്ള നടപടികളിലേക്ക് പോകാൻ നിലവിൽ തീരുമാനമില്ല.

'ആഘോഷദിവസങ്ങൾ അടുത്തുവരുന്ന സാഹചര്യത്തിൽ ആളുകൾ വ്യക്തിപരമായ ജാഗ്രതപുലർത്തണം. പുതിയ വകഭേദം കണ്ടെത്താൻ ജനിതകശ്രേണീകരണം നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.', ആരോഗ്യമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.




## ബഫർസോൺ 12 കിലോമീറ്ററാക്കാൻ ഉമ്മൻചാണ്ടി സർക്കാർ തീരുമാനമെടുത്തു; UDF കാലത്തെ രേഖ പുറത്ത്

**തിരുവനന്തപുരം:** ബഫർസോൺ വിഷയത്തിൽ സംസ്ഥാന സർക്കാരിനെതിരെ നിലപാടെടുത്ത കോൺഗ്രസിനെ പ്രതിരോധത്തിലാക്കി യുഡിഎഫ് കാലത്തെ രേഖ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള ബഫർ സോൺ 12 കിലോമീറ്ററാക്കണമെന്ന് തീരുമാനിച്ച മന്ത്രിസഭാ തീരുമാനം സംബന്ധിച്ച രേഖയാണ് പുറത്തുവന്നിരിക്കുന്നത്.

2013 മെയ് എട്ടിന് ചേർന്ന മന്ത്രിസഭാ യോഗത്തിൽ സംരക്ഷിത വനമേഖലകൾക്ക് ചുറ്റും പൂജ്യം മുതൽ 12 കിലോമീറ്റർ വരെ ബഫർസോണായി നിജപ്പെടുത്താനാണ് തീരുമാനമെടുത്തത്. ബഫർ സോൺ യുഡിഎഫ് സർക്കാർ 12 കിലോമീറ്ററാക്കിയത് ഒരു കിലോമീറ്ററാക്കി കുറയ്ക്കുകയാണ് തങ്ങൾ ചെയ്തതെന്നാണ് സർക്കാർ വാദിക്കുന്നത്. എന്നാൽ വിഷയത്തിൽ പ്രതിരോധത്തിലായ കോൺഗ്രസ് സർക്കാർ വാദങ്ങളെ പ്രതിരോധിച്ച് രംഗത്തുവന്നിട്ടുണ്ട്. 2013-ലെ തീരുമാനം ജനവാസമേഖലയെ ഒഴിവാക്കാനായിരുന്നെന്നും അത് 2015-ലെ കരട് നിർദേശത്തിൽ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നുവെന്നും യുഡിഎഫ് വാദിക്കുന്നു.

### ആശാൻ

ബഫർസോൺ 12 കിലോമീറ്ററാക്കാൻ ഉമ്മൻചാണ്ടി സർക്കാർ തീരുമാനമെടുത്തു; UDF കാലത്തെ രേഖ പുറത്ത്



അത് അന്ന് ഇപ്പൊ ഭരണം അല്ലല്ലോ?

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647
ലൈറ്റ്, സൗണ്ട് സിസ്റ്റം & ലൈവ് വിഷ്വൽ ഉൾപ്പെടെ പതിനെട്ടോളം അംഗങ്ങൾ.



കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

## വീണ്ടും ഒരു കോവിഡ് കാലം ഉണ്ടാകുമോ?

മഹാമാരിക്കാലം കഴിഞ്ഞെന്നു കരുതി ആശ്വസിച്ചിരുന്ന ഇന്ത്യയടക്കം രാജ്യങ്ങൾക്ക് ആശങ്കയേകുന്നതാണ് കോവിഡ് വ്യാപനത്തിന്റെ പുതിയ വാർത്തകൾ. ചൈന , യു.എസ് , ജപ്പാൻ , കൊറിയ , ബ്രസീൽ എന്നിവിടങ്ങളിൽ കോവിഡ് കേസുകളിൽ പൊടുന്നനെയുണ്ടായ വർധന ലോകജനതയെ വീണ്ടും വലിയ ജാഗ്രതയ്ക്കു പ്രേരിപ്പിക്കുന്നതായി. രാജ്യത്ത് കോവിഡ് പ്രതിരോധം ശക്തമാക്കാനുള്ള തീരുമാനത്തിലാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം. പൊതുയിടങ്ങളിൽ മാസ്ക്ക് ധരിക്കുന്നത് വീണ്ടും തുടരണമെന്നു നിർദ്ദേശം നൽകിയിരിക്കുന്നു. മുൻകരുതൽ ഡോസുകൾ സ്വീകരിക്കാൻ മടികാണിക്കുകയോ വൈകുകയോ ചെയ്യരുതെന്നാണ് മുന്നറിയിപ്പ് കരുതലിന്റെ പാഠങ്ങൾ വീണ്ടും പിഴവുകൂടാതെ പാലിക്കാനുള്ള ഉത്തരവാദിത്വം ജനത്തിന്റേതാണ്. ഇന്ത്യയിൽ പ്രതിദിന കോവിഡ് കണക്ക് നൂറിനടുത്തേക്ക് കുറഞ്ഞപ്പോഴും ആഗോളതലത്തിൽ ആഴ്ച്ചയിൽ 35 ലക്ഷം പേർക്ക് കോവിഡ് സ്ഥിരീകരിക്കുന്ന നിലയാണുള്ളത്. പ്രധാനമായും കോവിഡിന്റെ പ്രഭവകേന്ദ്രമായ ചൈനയിൽ നിന്നുള്ള റിപ്പോർട്ടുകളാണ് ആശങ്ക വർധിപ്പിക്കുന്നത്. കൃത്യമായ കണക്കുകൾ പുറത്തുവന്നിട്ടില്ലെങ്കിലും ആശുപത്രികൾക്കും ശ്മശാനങ്ങൾക്കും മുന്നിൽ കാണുന്ന തിരക്ക് ചൈനയിലെ സാഹചര്യം ലോകത്തിനു മുന്നിൽ വെളിപ്പെടുത്തുന്നു. കൂട്ടിയിട്ടിരിക്കുന്ന മൃതദേഹങ്ങളുടെ ദൃശ്യങ്ങൾ ഭയപ്പെടുത്തുന്നതാണ്. ഒരുദിവസം ശ്മശാനങ്ങളിൽ എത്തിക്കൊണ്ടിരുന്ന മൃതദേഹങ്ങളുടെ കണക്കിൽ 10 ഇരട്ടിയോളമാണ് നിലവിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. മരുന്നോ മതിയായ ചികിത്സാ സൗകര്യങ്ങളോ ലഭിക്കാത്തതിന്റെ പേരിൽ സംഘർഷമുണ്ടാകുന്നു. കോവിഡ് പ്രതിരോധത്തിൽ ഏറെ ശ്രദ്ധയുള്ള രാജ്യമായിരുന്നു ചൈന. ലോക്ഡൗൺ ഉൾപ്പെടെ കടുത്ത നിയന്ത്രണങ്ങൾ പലതും പിൻവലിക്കാൻ ജനത്തിനു തെരുവിൽ ഇറങ്ങേണ്ടിവന്നിരുന്നു. നിയന്ത്രണങ്ങൾ പിൻവലിച്ചതിനു പിന്നാലെയാണ് ചൈനയിൽ കോവിഡ് നിരക്ക് കുത്തനെ ഉയർന്നതും. മൂന്നുമാസത്തിനിടയിൽ ചൈനയുടെ ജനസംഖ്യയിൽ 60 ശതമാനം പേർക്ക് കോവിഡ് ബാധിക്കുമെന്ന റിപ്പോർട്ടുകളാണുള്ളത്. ഈയൊരു സ്ഥിതിയുണ്ടായാൽ ലോകജനത ഏറെ പേടിക്കേണ്ടിവരും.ഏതു സാഹചര്യത്തെയും നേരിടാൻ തയാറായിരിക്കണമെന്ന നിർദ്ദേശമാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി കോവിഡ് പോസിറ്റീവ് കേസുകളുടെ ജീനോം സ്വീകൻസിംഗ് വർധിപ്പിക്കണമെന്ന് കേന്ദ്ര നിർദേശമുണ്ട്. വൈറസിന്റെ സവിശേഷതകൾ തിരിച്ചറിയാൻ ജീനോം സ്വീക്വൻസിംഗ് സാങ്കേതിക വിദ്യ സഹായിക്കും. എല്ലാ കോവിഡ് പോസിറ്റീവ് കേസുകളുടേയും സാമ്പിളുകൾ ലബോറട്ടറികളുടെ ഇന്ത്യൻ ശൃംഖലയായ ഇൻസാകോഗിലേക്ക് ( ഇന്ത്യൻ സാർസ് – കോവ് 2 ജീനോമിക്സ് കൺസോർഷ്യം ) അയക്കണം. ഇവിടെ നിരീക്ഷണത്തിലൂടെ കോവിഡിന്റെ പുതിയ വകഭേദങ്ങൾ ഇന്ത്യയിൽ എത്തിയിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനു വേണ്ടിയാണിത്. ചൈനയിൽ വ്യാപനത്തിനു കാരണമായ വകഭേദം ഇന്ത്യയിലും സ്ഥിരീകരിച്ചിരിക്കുന്നു. മുൻകരുതൽ എന്ന നിലയിൽ വിദേശത്തുനിന്നുള്ള യാത്രക്കാരുടെ കാര്യത്തിൽ നിരീക്ഷണം വർധിപ്പിക്കണമെന്ന ആവശ്യം ഇതോടെ ശക്തമായി. എന്തെല്ലാം നിയന്ത്രണങ്ങൾ ഇനിയും ഉണ്ടാകുമെന്നതും ജനങ്ങൾക്ക് ആശങ്കയേകുന്നു. കോവിഡ് ഏൽപ്പിച്ച തിരിച്ചടികളിൽനിന്ന് ആളുകൾ വീണ്ടും തലപൊക്കി വരുന്നതിനിടെ കൂടുതൽ നിയന്ത്രണങ്ങൾ വേണ്ടിവന്നാൽ ജനങ്ങളുടെ വരുമാനത്തേയും ജീവിതത്തേയും സാരമായി ബാധിക്കും. പലർക്കും അതിനെക്കുറിച്ച് ചിന്തിക്കാൻകൂടി പ്രയാസമാണ്.

<u>ചൈനയിൽ ഇപ്പോൾ ഇത്തരത്തിലുള്ള വ്യാപനത്തിനു കാരണം ചികയുമ്പോഴും ഔദ്യോഗിക സ്ഥിരീകരണമൊന്നും ഉണ്ടായിട്ടില്ല. ചൈന കോവിഡിനെ നേരിട്ട രീതിയിലും വാക്സിനേഷന്റെ ഫലപ്രാപ്തിയിലും പല ആരോഗ്യവിദഗ്ധരും സംശയം പ്രകടിപ്പിക്കുന്നു. പ്രതിരോധശേഷി വർധിപ്പിക്കുകയോ കോവിഡിനെ ചെറുക്കാൻ സഹായിക്കുന്ന വാക്സിനോ അല്ല ചൈന ഉപയോഗിച്ചതെന്ന് വിമർശനമുണ്ട്. രോഗം വരാതിരിക്കാൻ നോക്കിയതിലൂടെ കോവിഡ് വന്നുപോയവർക്ക് ലഭിക്കുമായിരുന്ന പ്രതിരോധശേഷി പലർക്കും ഇല്ലാത്തത് ഇപ്പോഴത്തെ വ്യാപനത്തിന്റെ ഒരു പ്രധാനകാരണമായി പലരും കരുതുന്നു. ഫലപ്രദമായ വാക്സിനേഷനിലൂടെ പ്രതിരോധശേഷി വർധിപ്പിച്ചിരിക്കുന്ന ഇന്ത്യക്കാരെ സംബന്ധിച്ച് നിലവിലെ സാഹചര്യത്തിൽ പേടിക്കാനൊന്നുമില്ലെന്ന വിലയിരുത്തലാണ് ആരോഗ്യവിദഗ്ധരുടേത്. എങ്കിലും ഏതു സമയത്തും ആളുകളെ ബുദ്ധിമുട്ടിക്കാൻ കഴിയുന്നത്ര വ്യാപനശേഷി കോവിഡിന് ഉണ്ടന്നിരിക്കേ ജാഗ്രത പുലർത്തിയേ പറ്റൂ



## ഹൈപ്പർസോണിക് മിസൈലുമായി റഷ്യ, ആയിരം കി.മീ ദൂരത്തുള്ള ലക്ഷ്യവും തകർക്കും; തുല്യതയില്ലാത്തതെന്ന് പുതിൻ

മോസ്കോ: ജനുവരി മുതൽ റഷ്യൻ നാവികസേനയുടെ പക്കൽ സിർക്കോൺ ഹൈപ്പർസോണിക് ക്രൂയിസ് മിസൈൽ ഉണ്ടാകുമെന്ന് റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുതിൻ. അത്യാധുനിക ശേഷിയുള്ള ക്രൂയിസ് മിസൈൽ കഴിഞ്ഞ വർഷങ്ങളിലായിട്ടാണ് റഷ്യ വികസിപ്പിച്ചത്. ഇതിന്റെ പരീക്ഷണം വിജയകരമായിരുന്നു. ഇതിന് പിന്നാലെയാണ് ഇപ്പോൾ റഷ്യൻ നാവിക സേനയുടെ യുദ്ധക്കപ്പലായ അഡ്മിറൽ ഗോർഷോവിൽ മിസൈൽ സ്ഥാപിക്കുമെന്ന് പുതിൻ വ്യക്തമാക്കിയത്.

ഉയർന്ന ഉദ്യോഗസ്ഥരുമായുള്ള കൂടിക്കാഴ്ചയിൽ റഷ്യൻ പ്രസിഡന്റ് പുതിൻ തന്നെയാണ് സിർക്കോൺ ഹൈപ്പർസോണിക് ക്രൂയിസ് മിസൈൽ കമ്മിഷൻ ചെയ്യുന്ന കാര്യം വ്യക്തമാക്കിയത്. 'ലോകത്തിൽ തുല്യതയില്ലാത്ത ക്രൂയിസ് മിസൈലായ സിർക്കോൺ ഹൈപ്പർസോണിക് ക്രൂയിസ് മിസൈൽ ജനുവരിയോടെ റഷ്യയുടെ നാവികസേനാ കപ്പലായ അഡ്മിറൽ ഗോർഷേവിൽ സ്ഥാപിക്കും', പുതിൽ പറഞ്ഞു.

റഷ്യയുടെ യുദ്ധസന്നാഹങ്ങളടങ്ങിയ കപ്പലാണ് അഡ്മിറൽ ഗോർഷേവ്. ആയിരം കിലോമീറ്റർ ദൂരത്തുള്ള ലക്ഷ്യം വേധിക്കാൻ സാധിക്കുന്നതാണ് സിർക്കോൺ ഹൈപ്പർസോണിക് ക്രൂയിസ് മിസൈൽ. 2020 ഒക്ടോബറിലാണ് ആദ്യമായി സിർക്കോൺ പരീക്ഷിച്ചത്.



## ആണുമല്ല പെണ്ണുമല്ല, ഒരു ഫാഷൻ പൂജാരി'; മോദിയേപ്പറ്റി കീർത്തി ആസാദ് നടത്തിയ പരാമർശത്തിൽ വിവാദം

ഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെ വിവാദ പരാമർശവുമായി മുൻ ക്രിക്കറ്റ് താരവും തൃണമൂൽ കോൺഗ്രസ് നേതാവുമായ കീർത്തി ആസാദ്. മോദിയുടെ വേഷത്തെ പരിഹസിച്ചുകൊണ്ടുള്ള ട്വീറ്റ് വിവാദമായതോടെ കീർത്തി ആസാദ് തൻറെ ട്വീറ്റ് നീക്കംചെയ്തു.

മേഘാലയയിൽ ഒരു പൊതുപരിപാടിയിൽ മോദി പരമ്പരാഗത വേഷത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ഇതിനെതിരേയായിരുന്നു ആസാദിന്റെ പമാർശം. 'ആണുമല്ല പെണ്ണുമല്ല, അദ്ദേഹമൊരു ഫാഷൻ പൂജാരി മാത്രം' -എന്നായിരുന്നു പ്രധാനമന്ത്രിയുടെ ചിത്രം പങ്കുവെച്ചുകൊണ്ടുള്ള കീർത്തി ആസാദിൻറെ ട്വീറ്റ്. പരാമർശം വലിയ ചർച്ചാവിഷയമായതോടെ ട്വീറ്റ് അദ്ദേഹം ഡിലീറ്റ് ചെയ്തിരുന്നു. എന്നാൽ ഇതിനെതിരെ നിരവധി പേരാണ് സമൂഹമാധ്യമങ്ങളിൽ വിമർശനവുമായി രംഗത്തെത്തിയിരിക്കുന്നത്.

പ്രധാനമന്ത്രിയെ പരിഹസിക്കുക മാത്രമല്ല ആസാദ് ചെയ്തിരിക്കുന്നത്, മേഘാലയയുടെ സംസ്കാരത്തോടുള്ള അനാദരവും ഗോത്ര വസ്ത്രധാരണരീതിയോടുള്ള അവഹേളനവുമാണ് അദ്ദേഹത്തിൻറെ പ്രവൃത്തിയെന്ന് അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ പറഞ്ഞു. അദ്ദേഹത്തിൻറെ കാഴ്ചപ്പാടുകളെ അംഗീകരിക്കുന്നുണ്ടോ എന്ന കാര്യത്തിൽ തൃണമൂൽ കോൺഗ്രസ് വ്യക്തത വരുത്തേണ്ടതുണ്ടെന്നും അദ്ദേഹം ട്വീറ്റ് ചെയ്തു.

എന്നാൽ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വസ്ത്രധാരണം ഇഷ്ടപ്പെടുന്ന ഒരാളാണ് താനെന്നും അപമാനിക്കുകയല്ല ചെയ്തതെന്നുമുള്ള വിശദീകരണവുമായി പിന്നീട് ആസാദ് രംഗത്തെത്തി.



## പ്രൊഫ. എം.തോമസ് മാത്യുവിന് കേന്ദ്രസാഹിത്യഅക്കാദമി പുരസ്കാരം

ഡൽഹി: അധ്യാപകനും, വിവർത്തകനും, നിരൂപകനുമായ എം. തോമസ് മാത്യു ഈ വർഷത്തെ കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരത്തിന് അർഹനായി.

ദന്തഗോപുരത്തിലേക്കു വീണ്ടും, എന്റെ വല്മീകമെവിടെ, സാഹിത്യദർശനം, മാരാർ ലാവണ്യാനുഭവത്തിന്റെ യുക്തിശില്പം, മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം, സത്യം നിങ്ങളെ സ്വതന്ത്രരാക്കും, മനുഷ്യന്റെ ശബ്ദം സംഗീതം പോലെ, സ്വാതന്ത്ര്യം തന്നെ ജീവിതം, വഴി തെറ്റിയോ നമുക്ക്, നിനവുകൾ നിരൂപണങ്ങൾ, രുദിതാനുസാരീകവി, ബൈബിൾ അനുഭവം (വിമർശനങ്ങൾ), ന്യൂ ഹ്യൂമനിസം, ആർ.യു.ആർ. (തർജ്ജമ). തുടങ്ങിയവയാണ് കൃതികൾ. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ തയ്യാറാക്കിയ ബൈബിൾ വിവർത്തനത്തിൽ സഹകരിച്ചിട്ടുണ്ട്.



## അഞ്ചുമടങ്ങ് വ്യാപനശേഷി, അപകടകാരി: ആ വാട്സാപ്പ് സന്ദേശം വ്യാജമെന്ന് ആരോഗ്യവകുപ്പ്

**ന്യൂഡൽഹി**: ചൈന, അമേരിക്ക തുടങ്ങിയ ലോകത്തെ പലരാജ്യങ്ങളിലും കോവിഡ് കേസുകൾ വർധിച്ച സാഹചര്യത്തിൽ ഇന്ത്യയിലും ജാഗ്രതാ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇതുസംബന്ധിച്ച മുൻകരുതലുകളെക്കുറിച്ച് കഴിഞ്ഞ ദിവസം വ്യക്തമാക്കുകയും ചെയ്തിരുന്നു. നിലവിൽ കോവിഡ് കേസുകളിൽ അധികം വർധനവില്ലെന്നും എങ്കിലും ഏതുസാഹചര്യത്തെയും നേരിടാൻ സജ്ജമാണെന്നുമാണ് സർക്കാർ വ്യക്തമാക്കിയത്. എന്നാൽ ഈ സാഹചര്യത്തിൽ രോഗം സംബന്ധിച്ച വ്യാജസന്ദേശങ്ങൾ കൈമാറുന്നവരുമുണ്ട്. അത്തരത്തിലൊരു വൈറൽ സന്ദേശത്തിന് വ്യക്തത വരുത്തിയിരിക്കുകയാണ് കേന്ദ്രസർക്കാർ.ഒമിക്രോൺ വകഭേദമായ തആ്രആ അഞ്ചുമടങ്ങ് വ്യാപനശേഷിയുള്ളതും മരണനിരക്ക് കൂട്ടുന്നതും ഡെൽറ്റയേക്കാൾ അപകടകാരിയാണ് എന്നതുമായിരുന്നു വൈറലായ സന്ദേശം. മറ്റു വകഭേദങ്ങളെ അപേക്ഷിച്ച് ഈ വകഭേദത്തിന്റെ ലക്ഷണങ്ങൾ കടുത്തതായിരിക്കും എന്നും പ്രചരിക്കുന്നുണ്ടായിരുന്നു. എന്നാൽ ഈ വാട്സാപ് സന്ദേശം തെറ്റാണെന്നും ജനങ്ങൾ വിശ്വസിക്കരുതെന്നും വ്യക്തമാക്കിയിരിക്കുകയാണ് കേന്ദ്ര ആരോഗ്യ വകുപ്പ്.

.വൈറലാകുന്ന സന്ദേശത്തിന്റെ ഫോട്ടോസഹിതമാണ് ട്വീറ്റ് ചെയ്തിരിക്കുന്നത്. ഈ സന്ദേശം ചില വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ പ്രചരിക്കുന്നുണ്ടെന്നും വ്യാജമാണെന്നുമാണ് ട്വീറ്റ് ചെയ്തത്.

**XBB** വകഭേദത്തെക്കുറിച്ച്

ലോകാരോഗ്യസംഘടനയുടെ റിപ്പോർട്ട് പ്രകാരം BA.2.10.1 , BA.2.75 എന്നീ വകഭേദങ്ങൾ പുനഃസംയോജിച്ചുണ്ടായ വകഭേദമാണിത്. മറ്റെല്ലാ ഒമിക്രോൺ വകഭേദങ്ങൾക്കും സമാനമായ ലക്ഷണങ്ങളാണ് ഇതിലും കാണപ്പെടുന്നത്. പനി, ചുമ, ജലദോഷം, ശരീരവേദന തുടങ്ങിയവയാണ് പ്രകടമായി കാണപ്പെടുന്ന ലക്ഷണങ്ങൾ

കേരള പ്രണാമം



special-news



## ഉഭയ സമ്മതത്തോടെയുള്ള ലൈംഗിക ബന്ധം; ചീഫ് ജസ്റ്റിസിന്റെ നിർദ്ദേശം തള്ളി കേന്ദ്രസർക്കാർ

ഡൽഹി : ഉഭയ സമ്മതത്തോടെയുള്ള ലൈംഗിക ബന്ധവുമായി ബന്ധപ്പെട്ട് ചീഫ് ജസ്റ്റിസ് ഡിവൈ ചന്ദ്രചൂഡിന്റെ നിർദ്ദേശം തള്ളി കേന്ദ്രസർക്കാർ. ഉഭയസമ്മതത്തോടെയുള്ള ലൈംഗിക ബന്ധത്തിന്റെ നിയമാനുസൃത പ്രായപരിധി ഉയർത്തില്ല കേന്ദ്രസർക്കാർ അറിയിച്ചു. ലൈംഗിക ബന്ധത്തിൽ പ്രായപൂർത്തിയാകാത്ത കുട്ടിയുടെ സമ്മതത്തിന് നിയമ പരിരക്ഷ നൽകില്ല. 18 വയസ്സിന് താഴെയുള്ളവരുമായി നടത്തുന്ന ലൈംഗിക ബന്ധങ്ങൾ ലൈംഗിക അതിക്രമങ്ങളായി നിലനിൽക്കും. ഇക്കാര്യത്തിൽ പ്രായത്തിന്റെ പുന:പരിശോധന പോസ്കോ ആക്ടിനെ ദുർബലപ്പെടുത്തും എന്ന് കേന്ദ്രസർക്കാർ പറഞ്ഞു. പോക്സോ ആക്ടിലെ പ്രായപരിധി നിർദ്ധേശങ്ങളിൽ പുന:പരിശോധന വേണമെന്നായിരുന്നു ചീഫ് ജസ്റ്റിസിന്റെ നിർദ്ദേശം. കേന്ദ്ര വനിതാ, ശിശുക്ഷേമമന്ത്രി സ്മൃതി ഇറാനിയാണ് നിലപാട് വ്യക്തമാക്കിയത്.






## തട്ടിക്കൊണ്ടുപോയി, തടവിൽ പാർപ്പിച്ച് ക്രൂരമർദനം, വായിൽ ആസിഡൊഴിച്ചു; അഭിഭാഷകൻ അറസ്റ്റിൽ

തിരുവനന്തപുരം: ചെമ്പഴന്തി സ്വദേശിയെ തട്ടിക്കൊണ്ടുപോയി തടവിൽ പാർപ്പിച്ച് ക്രൂരമായി മർദിച്ച സംഭവത്തിൽ അഭിഭാഷകൻ അറസ്റ്റിൽ. ശിവഗിരി മഠം മുൻ ലീഗൽ ഓഫീസർ കൂടിയായ മനോജിന്റെ അറസ്റ്റാണ് പോലീസ് രേഖപ്പെടുത്തിയത്. കേസിൽ കോടതി മുൻകൂർ ജാമ്യം നിഷേധിച്ചതിന് പിന്നാലെ അഭിഭാഷകൻ കീഴടങ്ങുകയായിരുന്നു. ഒക്ടോബർ 23-നാണ് സ്കൂട്ടറിൽ സഞ്ചരിക്കുകയായിരുന്ന ചെമ്പഴന്തി സ്വദേശിയായ മണികണ്ഠപ്രസാദിനെ കാറിലെത്തിയ സംഘം തട്ടിക്കൊണ്ടുപോയത്. തുടർന്ന് രണ്ടുദിവസം തടവിൽ പാർപ്പിച്ച് ക്രൂരമായി മർദിച്ചു. ആസിഡ് പോലെയുള്ള ദ്രാവകം വായിലൊഴിച്ച് പൊള്ളലേൽപ്പിക്കുകയും ചെയ്തു. ഗുരുതരമായി പരിക്കേറ്റ മണികണ്ഠപ്രസാദിനെ പിന്നീട് കോട്ടയത്തെ വഴിയരികിൽ ഉപേക്ഷിക്കുകയായിരുന്നു. സംഭവത്തിൽ മണികണ്ഠപ്രസാദ് പരാതി നൽകിയെങ്കിലും മനോജിന്റെ സ്വാധീനം കാരണം പോലീസ് കേസെടുത്തില്ലെന്നായിരുന്നു ആരോപണം. പിന്നീട് ഡി.ജി.പി.ക്ക് ഉൾപ്പെടെ പരാതി നൽകിയതോടെയാണ് പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചത്. ഇതിനിടെ, മനോജ് മുൻകൂർ ജാമ്യത്തിനായി ശ്രമിച്ചെങ്കിലും ജാമ്യം ലഭിച്ചില്ല. തുടർന്ന് പോലീസിന് മുന്നിൽ കീഴടങ്ങുകയായിരുന്നു. കേസിലെ പരാതിക്കാരനായ മണികണ്ഠപ്രസാദും പ്രതി മനോജും ശിവഗിരി മഠവുമായി ബന്ധപ്പെട്ടവരാണ്. മഠവുമായി ബന്ധപ്പെട്ട ചില അധികാരതർക്കങ്ങളാണ് തട്ടിക്കൊണ്ടുപോകലിന് കാരണമായതെന്നാണ് പോലീസിന്റെ നിഗമനം.



## ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കണം'; ബഫർ സോൺ വിഷയം പാർലമെന്റിൽ ഉന്നയിച്ച് കെ മുരളീധരൻ

ദില്ലി: ബഫർ സോൺ വിഷയം ലോക്സഭയിൽ ഉന്നയിച്ച് കെ മുരളീധരൻ എം പി. പരിസ്ഥിതി ലോല മേഖലകൾ നിശ്ചയിക്കുമ്പോൾ ജനവാസ മേഖലകൾ ഒഴിവാക്കണമെന്നും ഫീൽഡ് സർവേ നടത്തണമെന്നും കെ മുരളീധരൻ ആവശ്യപ്പെട്ടു. ഇപ്പോൾ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയൻമെന്റ് സെന്റർ നടത്തിയ ഉപഗ്രഹ സർവ്വേയിലെ വ്യക്തത ഇല്ലായ്മ പരിഹരിക്കാൻ ഫീൽഡ് സർവ്വേ നടത്തണമെന്നും, ചട്ടം 377 അനുസരിച്ചുള്ള ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം ആവശ്യപ്പെട്ടു. വടകര ലോക് സഭ മണ്ഡലത്തിൽ ചക്കിട്ടപ്പാറ, മരുതോങ്കര, ചങ്ങാരോത്ത്, കൂത്തളി പ്രദേശങ്ങൾ മലബാർ സംരക്ഷിത വനത്തിൻറ്റെ സമീപത്താണ് സ്ഥിതി ചെയ്യുന്നത്. അശാസ്ത്രീയമായ ബഫർ സോൺ (പ്രകൃതി ലോല പ്രദേശം ) നിർണ്ണയത്തിൽ ഈ മേഖലയിലെ ജനങ്ങൾ ആശങ്കയിലാണ്. അതുകൊണ്ട് ജനങ്ങളുടെ ആശങ്ക നീക്കാനുള്ള നടപടി സ്വീകരിക്കാൻ കെ മുരളീധരൻ ആവശ്യപ്പെട്ടു.






## നിദ ഫാത്തിമയുടെ മരണം അതീവ ദുഃഖകരം; അസോസിയേഷനുകൾ തമ്മിലുള്ള തർക്കത്തിൽ കർശന നടപടിയെന്ന് കായിക മന്ത്രി

**ആലപ്പുഴ :** നിദ ഫാത്തിമയുടെ മരണം അതീവ ദുഃഖകരമെന്ന് കായകമന്ത്രി വി.അബ്ദുറഹ്മാൻ. അസോസിയേഷനുകളുമായി ബന്ധപ്പെട്ട തർക്കത്തിൽ കർശന നടപടി സ്വീകരിക്കാനാണ് ?സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കുട്ടിയുടെ മൃതദേഹം നാട്ടിലെത്തിക്കാൻ എല്ലാ നടപടികളും സ്വീകരിച്ചതായി കായിക മന്ത്രി ഇന്നലെ രാവിലെയാണ് നിദ ഫാത്തിമ ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നത്. ആ സമയം തന്നെ ബന്ധപ്പെട്ട ആളുകളുമായി സംസാരിച്ചു. സംഘാടകരെ ഉൾപ്പെടെ വിളിച്ചു. കേരള സ്പോർട്സ് കൗൺസിൽ അം?ഗീകരിച്ച ക്ലബിലാണ് ഈ കുട്ടിയും ഉൾപ്പെട്ടിട്ടുള്ളത്. പക്ഷേ ഈ മത്സരത്തിൽ പങ്കെടുക്കാനെത്തിയ ഇവർക്ക് കോടതിയെ സമീപിക്കേണ്ടി വന്നു. കോടതി അനുമതി കിട്ടിയ ശേഷമാണ് മത്സരത്തിൽ പങ്കെടുക്കാനായത്. അസോസിയേഷനുകൾ തമ്മിലുള്ള പ്രശ്നത്തിന്റെ പേരിലാണ് ഇവർക്ക് കോടതിയിൽ പോകേണ്ടി വന്നത്. അസോസിയേഷനുകളുമായി ബന്ധപ്പെട്ട തർക്കത്തിൽ കർശന നടപടി സ്വീകരിക്കാനാണ് ?സർക്കാർ തീരുമാനിച്ചിരിക്കുന്നത്. മൃതദേഹം തിരികെ കൊണ്ടുവരാൻ അവിടുത്തെ കളക്ടറുമായി സംസാരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങൾക്കും സ്പോർട്സ് കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുട്ടിയുടെ രക്ഷിതാക്കൾക്ക് അങ്ങോട് പോകാനുള്ള എല്ലാസൗകര്യങ്ങളും ഒരുക്കാൻ നിലവിൽ നിർദേശം നൽകിയിട്ടുണ്ട്. ഇനിയും ആവശ്യമുള്ള എന്തുകാര്യങ്ങളും ചെയ്യാൻ സർക്കാർ സന്നദ്ധമാണെന്ന് അവരെ അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. നാഗ്പൂരിൽ ദേശീയ സൈക്കിൾ പോളോ ചാമ്പ്യൻഷിപ്പിനെത്തിയ കേരളാ ടീം അംഗമാണ് ഭക്ഷ്യ വിഷബാധയെ തുടർന്ന് മരിച്ചത്. അമ്പലപ്പുഴ സ്വദേശി 10 വയസുകാരി നിദ ഫാത്തിമയാണ് മരിച്ചത്. നിദയെ ഛർദ്ദിയെ തുടർന്ന് കഴിഞ്ഞ ദിവസം ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ഇതിന് പിന്നാലെ മരണം സംഭവിക്കുകയായിരുന്നു.മത്സരിക്കാനെത്തിയ കേരളാ താരങ്ങൾ നേരിട്ടത് കടുത്ത അനീതികളാണ്.ടീമിന് താമസ- ഭക്ഷണ സൗകര്യം ദേശീയ ഫെഡറേഷൻ നൽകിയില്ലെന്നും ടീം പരാതിപ്പെട്ടു. രണ്ട് ദിവസം മുൻപ് നാഗ്പൂരിൽ എത്തിയ ടീം കഴിഞ്ഞത് താത്കാലിക സൗകര്യങ്ങളിലായിരുന്നു. അസോസിയേഷനുകൾ സംബന്ധിച്ച തർക്കത്തെ തുടർന്ന് കോടതി ഉത്തരവോടെയായിരുന്നു ടീം മത്സരത്തിനെത്തിയത്. ഇതായിരുന്നു ടീമിനോടുള്ള അവഗണനക്ക് കാരണമായതെന്ന് ടീം അം?ഗങ്ങൾ വ്യക്താക്കി. എന്നാൽ കോടതി ഉത്തരവിൽ ഇവർക്ക് മത്സരിക്കാൻ അനുമതി നൽകണമെന്നല്ലാതെ അവർക്ക് അനുബന്ധ സൗകര്യങ്ങളൊരുക്കാൻ കോടതി പറഞ്ഞിട്ടില്ലെന്നും ദേശീയ ഫെഡറേഷൻ പ്രതികരിച്ചു.



## കശ്മീരിൽ 'ചില്ലൈ കലൻ' തുടങ്ങി; തണുത്തുറഞ്ഞ് ദാൽ തടാകം

കശ്മീരിലെ 40 ദിവസം നീണ്ടുനിൽക്കുന്ന അതികഠിന ശൈത്യകാലമായ 'ചില്ലൈ കലൻ' തുടങ്ങി. ദാൽ തടാകമുൾപ്പെടെയുള്ള ജലാശയങ്ങളിലെ വെള്ളം ഉറഞ്ഞു. ശ്രീനഗറിൽ രാത്രി തണുപ്പ് മൈനസ് 4.2 ഡിഗ്രി സെൽഷ്യസിലേക്കെത്തി. ക്രിസ്മസിനോടനുബന്ധിച്ച് നേരിയ മഴയ്ക്കും മഞ്ഞുവീഴ്ചയ്ക്കും സാധ്യതയുണ്ട്. അതോടെ തണുപ്പ് വീണ്ടും രൂക്ഷമാകും. ജനുവരി 30ന് ചില്ലൈ കലൻ അവസാനിക്കും. അതിനുശേഷവും കശ്മീരിൽ 20 ദിവസത്തെ 'ചില്ലൈ ഖുർദ്' (ചെറിയ തണുപ്പുള്ള കാലം), 10 ദിവസത്തെ 'ചില്ലൈ ബച്ച' (കുഞ്ഞ് ജലദോഷം) എന്നിങ്ങനെയറിയപ്പെടുന്ന തണുപ്പുകാലം തുടരും. മഞ്ഞ് വീഴ്ചയ്ക്കിടയിലും നിരവധി സഞ്ചാരികൾ പുതുവത്സരം ആഘോഷിക്കാനായി കശ്മീരിൽ എത്തിയിട്ടുണ്ട്.








## ക്രിമനലുകളെ നേരിടാനാണ് പോലീസ്,ആ സേനയിൽ ക്രിമിനലുകൾ വേണ്ട, പൊലീസിലെ ചിലർ വൈകൃതങ്ങൾ കാണിക്കുന്നു' മുഖ്യമന്ത്രി

**തിരുവനന്തപുരം:**പൊലീസിലെ ചിലർ ചില വൈകൃതങ്ങൾ കാണിക്കുന്നുവെന്നും അവരോടുള്ള സമീപനത്തിൽ സർക്കാരിന് ഒരു ആശയക്കുഴപ്പവുമില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.ക്രിമനലുകളെ നേരിടാനാണ് പോലീസ് സേന.ആ പൊലീസ് സേനയിൽ ക്രിമിനലുകൾ വേണ്ട.ലോക്കപ്പ് മർദനം ഉണ്ടായാൽ അത് പൊലീസ് അന്വേഷിക്കണ്ട.അത് സി.ബി.ഐ യെ ഏൽപ്പിക്കും.ഇത്തരം സംഭവങ്ങൾ വലിയ രീതിയിൽ കുറഞ്ഞു.മികവാർന്ന കുറ്റാന്വേഷണ രീതി നമുക്ക് നടപ്പാക്കാൻ കഴിയുന്നു.പൊലീസ് സേന അഭിവൃദ്ധിയിൽ നിന്ന് അഭിവൃദ്ധിയിലേക്ക് പോകുന്നുവെന്നും അദ്ദേഹം പറഞ്ഞുകേരളാ പൊലീസ് പെൻഷനേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു പിണറായി വിജയൻ . പണ്ട് പോലീസ് ജനദ്രോഹ സേനയായിരുന്നു.നാടുവാഴികളുടേയും ജന്മികളുടെയും കൊല്ലും കൊലക്കും പോലീസ് അന്ന് വലിയ പിന്തുണയാണ് നൽകിയിരുന്നത്.അക്കാലത്ത് തൊഴിലാളികൾ ചെറിയ ഒരു ജാഥ നടത്തിയാൽ പോലീസ് തല്ലി തകർക്കുമായിരുന്നു.ജനങ്ങൾക്കെതിരായ സേന ആയിരുന്നു അന്ന് പോലീസ്.ഭയപ്പാടോടെയായിരുന്നു പോലീസിനെ ജനങ്ങൾ കണ്ടിരുന്നത്.ഇ.എം.എസ് സർക്കാരാണ് പോലീസിൽ മാറ്റമുണ്ടാക്കിയത്. അക്കാലത്ത് തൊഴിൽ സമരത്തിൽ പോലീസ് ഇടപെടേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചു.ലോക്കപ്പ് മർദ്ദനം പാടില്ലെന്ന നിലപാടെടുത്തത് ഇ എം.എസ് സർക്കാരാണ്.അത് അന്നത്തെ വിപ്ലവകരമായ തീരുമാനമായിരുന്നു.ഇപ്പൊ പോലീസ് ലോകത്തോറ്റവും അഭിമാനിക്കാൻ കഴിയുന്ന വിധം മാറി.പ്രൊഫഷണലുകൾ പോലീസിൽ ചേരുന്നു.ഇന്ന് പൊലീസിനെ പലപ്പോഴും പ്രകോപിപ്പിച്ച് ഇടപെടുത്താൻ ശ്രമിക്കുന്നു.പൊലീസ് അനിതരസാധാരണമായ സംയമനം കാണിക്കുന്നു.സമൂഹത്തിന്റെ ആവശ്യം തിരിച്ചറിഞ്ഞ് കൊണ്ട്,ഗൂഢാദ്ദേശം കൃത്യമായി മനസിലാക്കിയാണ് പോലീസ് പ്രവർത്തിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു



## ചിക്കൻ ടിക്ക മസാലയുടെ സ്രഷ്ടാവ് അലി അഹമ്മദ് അസ്ലം അന്തരിച്ചു

ഗ്ലാസ്ഗോ: ചിക്കൻ പ്രേമികളുടെ ഇഷ്ടവിഭവമായ ചിക്കൻ ടിക്കയുടെ മസാല കണ്ടുപിടിച്ച ഷെഫ് അലി അഹമ്മദ് അസ്ലം (77) അന്തരിച്ചു. സ്കോട്ട് ലൻഡിലെ ഗ്ലാസ് ഗോയിൽ അലി അഹമ്മദിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഷിഷ് മഹൽ റെസ്റ്റോറന്റാണ് മരണവിവരം പുറത്ത് വിട്ടത്. തിങ്കളാഴ്ച രാവിലെയായിരുന്നു അന്ത്യം. 1970-കളിലാണ് അലി അഹമ്മദ് തക്കാളി സോസ് ചേർത്തുള്ള ചിക്കൻ ടിക്ക മസാലയുടെ കൂട്ട് വികസിപ്പിച്ചത്. ഒരിക്കൽ റസ്റ്റൊറന്റിൽ തയ്യാറാക്കിയ ചിക്കൻ ടിക്കയുടെ മസാല വല്ലാതെ കുറുകിയിരിക്കുന്നുവെന്നും അൽപം സോസ് ചേർക്കുന്നത് നന്നായിരിക്കുമെന്നും ഒരു ഉപഭോക്താവ് അറിയിച്ചു. തുടർന്നാണ് ലോക പ്രശസ്തമായ ചിക്കൻ ടിക്ക മസാല അലി അഹമ്മദ് തയ്യാറാക്കുന്നത്. യോഗർട്ട്, ക്രീം, സുഗന്ധവ്യഞ്ജനങ്ങൾ, തക്കാളി സോസ് എന്നിവ ചേർത്താണ് ഈ സ്പെഷ്യൽ മസാല തയ്യാറാക്കുന്നത്.

## ഭിന്നശേഷിക്കാരിയായ പത്തുവയസ്സുകാരിയെ അമ്മ ശ്വാസംമുട്ടിച്ച് കൊന്നു; പിന്നാലെ ആത്മഹത്യാശ്രമം

**ബെംഗളൂരു:** പരിപാലിക്കാൻ കഴിയാത്തതിനെത്തുടർന്ന് ഭിന്നശേഷിയുള്ള 10 വയസ്സുകാരിയെ ശ്വാസം മുട്ടിച്ച് അമ്മ കൊന്നു. ബെംഗളൂരു ബൈദരഹള്ളി പ്രസന്നലേഔട്ട് സ്വദേശി എൻ. പ്രിയങ്കയാണ് കൊല്ലപ്പെട്ടത്. പ്രിയങ്കയെ കൊന്ന ശേഷം ജീവനൊടുക്കാൻ ശ്രമിച്ച അമ്മ സുമ (38) സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. ചൊവ്വാഴ്ച വൈകിട്ടോടെയാണ് സംഭവം. കുട്ടിയെ ശ്വാസംമുട്ടിച്ച് കൊലപ്പെടുത്തിയശേഷം കിടപ്പുമുറിയിലെ ഫാനിൽ തൂങ്ങി ജീവനൊടുക്കാൻ ശ്രമിച്ച സുമയെ അയൽക്കാരും ബന്ധുവും ചേർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. ഇവർക്കെതിരെ ബൈദരഹള്ളി പോലീസ് കൊലക്കുറ്റത്തിന് കേസെടുത്തു. സുമയുടെ സഹോദരി വീട്ടിലെത്തിയപ്പോഴാണ് പ്രിയങ്കയെ മരിച്ച നിലയിൽ കണ്ടെത്തിയത്. തുടർന്ന് നടന്ന പരിശോധനയിൽ ഫാനിൽ തൂങ്ങിയനിലയിൽ സുമയേയും കണ്ടെത്തി. ഇവർക്ക് ചലനമുണ്ടെന്ന് മനസ്സിലായതോടെ അയൽക്കാരുടെ സഹായത്തോടെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. സുമയുടെ ആരോഗ്യനില ഭേദപ്പെട്ടശേഷം അറസ്റ്റ് രേഖപ്പെടുത്താനാണ് പോലീസിന്റെ തീരുമാനം. സുമയുടെ ഭർത്താവ് ഏതാനും മാസങ്ങൾക്കുമുമ്പ് മരിച്ചിരുന്നു. തുടർന്ന് മകളെ പരിചരിക്കേണ്ടിവന്നിരുന്നതിനാൽ ഇവർക്ക് ജോലിക്ക് പോകാൻ കഴിഞ്ഞിരുന്നില്ല. ഇതോടെ സാമ്പത്തിക പ്രതിസന്ധിയിലായിരുന്നു കുടുംബം. ഏതാനും ദിവസങ്ങളായി കടുത്ത മാനസികസമ്മർദത്തിലായിരുന്നു സുമയെന്ന് ബന്ധുക്കൾ പോലീസിന് മൊഴിനൽകി.

special-news




# ഇനി ആവർത്തിക്കില്ലെന്ന് ഉറപ്പുനൽകി; വഹാബ് വിഷയം ഭംഗിയായി അവസാനിച്ചുവെന്ന് പിഎംഎ സലാം

**കോഴിക്കോട്:** അബ്ദുൾ വഹാബ് എം.പി. കേന്ദ്രമന്ത്രി വി. മുരളീധരനെ പുകഴ്ത്തിയത് ലീഗിന്റെ അഭിപ്രായമല്ലെന്ന് പി.എം.എ സലാം. തെറ്റ് പറ്റിയെന്ന് വഹാബ് ഏറ്റുപറഞ്ഞെന്നും ഇനി ആവർത്തിക്കില്ലെന്ന് വഹാബ് ഉറപ്പ് നൽകിയെന്നും പി.എം.എ. സലാം മാധ്യമങ്ങളോട് വ്യക്തമാക്കി. പാർട്ടിക്ക് യോജിക്കാത്ത ഒരു അഭിപ്രായം ഏത് വലിയ നേതാവിൽ നിന്ന് വന്നാലും മുസ്ലിം ലീഗ് ഇടപെടും. വഹാബ് പാർലമെന്റിൽ സംസാരിച്ചത് മുസ്ലിം ലീഗ് ഗൗരവത്തോടെ എടുക്കുകയും പാർട്ടി അധ്യക്ഷൻ അത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. വഹാബ് വിശദീകരണം നൽകുകയും ചെയ്തു. അത് അവിടെ അവസാനിച്ചു. വഹാബ് പറഞ്ഞത് ലീഗിന്റെ അഭിപ്രായമല്ലെന്നും പറഞ്ഞു. തെറ്റ് വന്നിട്ടുണ്ടെങ്കിൽ അദ്ദേഹം അതിൽ ഖേദിക്കുന്നുണ്ട്. ഇനി ആവർത്തിക്കില്ലെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. ഏതായാലും ആ ചാപ്റ്റർ മുസ്ലിം ലീഗ് ഭംഗിയായി അവസാനിപ്പിച്ചുവെന്ന് പിഎംഎ സലാം കൂട്ടിച്ചേർത്തു. വഹാബ് വിഷയം അടഞ്ഞ അധ്യായമാണെന്നും കുപ്പായം മാറുന്നതുപോലെ മുന്നണി മാറുന്ന ചരിത്രം ലീഗിനില്ലെന്നും പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. മുസ്ലിം ലീഗ് യുഡിഎഫിലെ അവിഭാജ്യ ഘടകമാണ്. പ്രശ്നങ്ങളെ വിഷയാടിസ്ഥാനത്തിലാണ് പാർട്ടി കാണുന്നതെന്നും അദ്ദേഹം മാധ്യമങ്ങളോട് വ്യക്തമാക്കി.



# കൊവിഡിന്റെ പുതിയ വകഭേദത്തെക്കുറിച്ചുള്ള ആ വാട്സാപ്പ് സന്ദേശം വ്യാജം; വിശ്വസിക്കരുതെന്ന് കേന്ദ്ര സർക്കാർ

**ന്യൂഡൽഹി:** ചൈനയടക്കമുള്ള രാജ്യങ്ങളിൽ കൊവിഡ് കേസുകൾ കുതിച്ചുയരുകയാണ്. കൊവിഡ് ഒമിക്രോൺ ബി.എഫ് - 7 വകഭേദം റിപ്പോർട്ട് ചെയ്തതോടെ ഇന്ത്യയിലും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയിരിക്കുകയാണ്. കൊവിഡ് മാനദണ്ഡങ്ങൾ പാലിക്കണമെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ഒമിക്രോൺ ബി.എ 5 ന്റെ ഉപവിഭാഗമാണ് ബി.എഫ് 7. ഈ വകഭേദം അഞ്ച് മടങ്ങ് വ്യാപന ശേഷിയുള്ളതാണെന്നും മരണനിരക്ക് കൂടുതലാണെന്നുമൊക്കെ പറഞ്ഞുകൊണ്ടുള്ള ഒരു സന്ദേശം സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്. ഈ സന്ദേശം വ്യാജമാണെന്ന് അറിയിച്ചിരിക്കുകയാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം ഇപ്പോൾ. വൈറലായിക്കൊണ്ടിരിക്കുന്ന സന്ദേശത്തിന്റെ സ്ക്രീൻ ഷോട്ട് സഹിതം പങ്കുവച്ചാണ് ആരോഗ്യ മന്ത്രാലയം ഇത് വ്യാജമാണെന്ന് ട്വീറ്റ് ചെയ്തിരിക്കുന്നത്. വാട്സാപ്പ് ഗ്രൂപ്പുകളിൽ പ്രചരിക്കുന്ന ഈ സന്ദേശം തെറ്റാണെന്നും വിശ്വസിക്കരുതെന്നും ട്വീറ്റിൽ പറയുന്നു.




# നാഗ്പൂരിൽ ദേശീയ സൈക്കിൾ പോളോ ചാമ്പ്യൻ ഷിപ്പിന് പോയ പത്തുവയസുകാരി മരിച്ചു


മുംബയ്: നാഗ്പൂരിൽ ദേശീയ സൈക്കിൾ പോളോ ചാമ്പ്യൻഷിപ്പിന് പോയ കേരള സംഘത്തിലെ പത്തുവയസുകാരി മരിച്ചു. ആലപ്പുഴ സ്വദേശി നിദ ഫാത്തിമയാണ് മരിച്ചത്. ഛർദിയെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയായിരുന്നു. രണ്ടുദിവസം മുൻപാണ് ഇവർ നാഗ്പൂരിലെത്തിയത്. ആശുപത്രിയിൽവച്ച് നിദയ്ക്ക് കുത്തിവയ്പ്പ് എടുത്തിരുന്നു. പിന്നാലെ നില വഷളായി. വെന്റിലേറ്ററിലായിരുന്ന നിദയുടെ ജീവൻ രക്ഷിക്കാനായില്ലെന്ന് ആശുപത്രി അധികൃതർ അറിയിച്ചതായാണ് വിവരം. ദേശീയ ചാമ്ബ്യൻഷിപ്പിൽ മത്സരിക്കാനെത്തിയ നിദയടക്കമുള്ള കേരള ടീമിന് കടുത്ത അവഗണന നേരിടേണ്ടി വന്നുവെന്നാണ് വിവരം. കോടതി ഉത്തരവിനെത്തുടർന്നായിരുന്നു കേരള ടീം മത്സരത്തിനെത്തിയത്. ഇവർക്ക് താമസ, ഭക്ഷണ സൗകര്യം ദേശീയ ഫെഡറേഷൻ നൽകിയിരുന്നില്ല. മത്സരിക്കുന്നതിന് മാത്രമാണ് കോടതി അനുമതിയെന്നും മറ്റ് സൗകര്യങ്ങൾ നൽകില്ലെന്നും ഫെഡറേഷൻ അറിയിച്ചിരുന്നു. തുടർന്ന് സംഘം താത്കാലിക സൗകര്യങ്ങളിലായിരുന്നു കഴിഞ്ഞത്

# ഓക്സ്ഫഡ് ബുക്ക് കവർ പ്രൈസ് പട്ടികയിൽ അനുജാതിന്റെ ചിത്രം

**തൃശ്ശൂർ:** ലോകനിലവാരത്തിലുള്ള ഓക്സ്ഫഡ് ബുക്ക് കവർ പ്രൈസ് പട്ടികയിൽ പതിനേഴുകാരനായ അനുജാത് സിന്ധു വിനയലാലിന്റെ ചിത്രം ഇടംനേടി. അഞ്ജനാ മേനോൻ എഴുതിയ 'ഓണം ഇൻ എ നൈറ്റീ' എന്ന പുസ്തകത്തിന്റെ കവർ ചിത്രമാണ് പട്ടികയിൽ ഇടം നേടിയത്. ഹോപ്പർ കോളിൻസ് ആണ് പുസ്തകത്തിന്റെ പ്രസാധകർ. 21 കവർചിത്രങ്ങളാണ് ആദ്യ പട്ടികയിൽ ഇടം നേടിയത്. ഇതുൾപ്പെടെ ഹോപ്പർ കോളിൻസിന്റെ മൂന്നു പുസ്തകങ്ങൾ പട്ടികയിലുണ്ട്. കോവിഡ് ക്വാറന്റീൻ കാലത്ത് കേരളത്തിൽ കുടുങ്ങിപ്പോയതിന്റെ അനുഭവങ്ങളാണ് പുസ്തകത്തിന്റെ ഉള്ളടക്കം. കവറുൾപ്പെടെ അനുജാതിന്റെ 10 ചിത്രങ്ങളാണ് പുസ്തകത്തിൽ ഉള്ളത്.. ദേവമാതാ സ്കൂളിൽ പ്ലസ്ടു വിദ്യാർത്ഥിയാണ് അനുജാത്.








# ഉമ്മൻചാണ്ടിക്ക് വി എസ് നഷ്ടപരിഹാരം നൽകേണ്ട; വിചാരണക്കോടതി ഉത്തരവിന് സ്റ്റേ

തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പ് കാലത്ത് അന്നത്തെ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്കെതിരെയുള്ള വി എസിന്റെ പരാമർശങ്ങൾ അപകീർത്തികരമെന്ന കേസിലെ കീഴ്ക്കോടതി ഉത്തരവ് തിരുവനന്തപുരം ജില്ലാ കോടതി സ്റ്റേ ചെയ്തു. പത്ത് ലക്ഷത്തി പതിനായിരം രൂപ നഷ്ടപരിഹാരം നൽകണമെന്നായിരുന്നു കീഴ്ക്കോടതി വിധി. 2013 ജൂലായ് ആറിന് നടന്ന ഒരു അഭിമുഖത്തിൽ, സോളാർ കമ്ബനിയുടെ പിന്നിൽ ഉമ്മൻചാണ്ടിയാണെന്നും, സരിതാ നായരെ മുന്നിൽ നിർത്തി ഉമ്മൻചാണ്ടി കോടികൾ തട്ടിയെന്നും വി എസ് പറഞ്ഞിരുന്നു. ഇതിനെതിരെയാണ് കേസ്. അഭിമുഖത്തിൽ പറഞ്ഞ കാര്യങ്ങൾ കോടതിയിൽ തെളിയിക്കാൻ സാധിക്കാതെ വന്നതോടെയാണ് പത്ത് ലക്ഷത്തി പതിനായിരം രൂപ ഉമ്മൻചാണ്ടിക്ക് നഷ്ടപരിഹാരം നൽകണമെന്ന് കോടതി വിധിച്ചു. അസുഖബാധിതനായതിനാൽ വി എസിന് കോടതിയിൽ നേരിട്ട് ഹാജരായി തന്റെ നിലപാട് പറയാൻ കഴിഞ്ഞിരുന്നില്ല. അഭിമുഖത്തിന്റെ ശരിപ്പകർപ്പ് കോടതിയിൽ ഹാജരാക്കാൻ ഉമ്മൻചാണ്ടിക്കും കഴിഞ്ഞില്ല. 2014ൽ ഉമ്മൻചാണ്ടി നൽകിയ കേസിൽ ചെറുന്നിയൂർ ശശിധരൻ നായരാണ് വി എസിന് വേണ്ടി വാദിച്ചത്. വർഷങ്ങൾ നീണ്ട കേസ് നടത്തിപ്പിന് ശേഷമാണ് കോടതി വിധിയുണ്ടായത്.

# പോപ്പുലർ ഫ്രണ്ട് പ്രവർത്തകർ കൊലപ്പെടുത്തിയ രഞ്ജിത്ത് ശ്രീനിവാസന്റെ കുടുംബത്തിന് 20 ലക്ഷം നൽകി തമിഴ്നാട് ബിജെപി അദ്ധ്യക്ഷൻ അണ്ണാമലൈ, ചേർത്തുപിടിച്ചതിന് നന്ദിയെന്ന് സന്ദീപ് വാര്യർ

പോപ്പുലർ ഫ്രണ്ട് പ്രവർത്തകർ കൊലപ്പെടുത്തിയ ആർ എസ് എസ് നേതാവ് രഞ്ജിത്ത് ശ്രീനിവാസന്റെ കുടുംബത്തിന് 20 ലക്ഷം നൽകി തമിഴ്നാട് ബിജെപി അദ്ധ്യക്ഷൻ കെ.അണ്ണാമലൈ. സഹായധനം നൽകിയ വിവരം ബിജെപി നേതാവ് സന്ദീപ് വാര്യരാണ് ഫേസ്ബുക്കിൽ കുറിച്ചത്. ''നന്ദി പ്രിയ അണ്ണാമലൈ , സ്വർഗീയ രഞ്ജിത്ത് ശ്രീനിവാസന്റെ കുടുംബത്തെ ചേർത്ത് പിടിച്ചതിന് . ഇരുപത് ലക്ഷം രൂപ സഹായധനം നൽകിയതിന് . സംഘപ്രസ്ഥാനങ്ങൾക്ക് വേണ്ടി ജീവൻ ബലിയർപ്പിച്ച സഹോദരങ്ങളുടെ ഓർമ്മകൾ നെഞ്ചിൽ സൂക്ഷിക്കുന്ന അണ്ണാമലൈക്ക് ഒരായിരം നന്ദി'' - സന്ദീപ




# സിഎസ്ബി ബാങ്ക് വൺകാർഡ് പുറത്തിറക്കി

**കൊച്ചി:** മാസ്റ്റർ കാർഡ്, വൺകാർഡ് എന്നിവരുടെ സഹകരണത്തോടെ സിഎസ്ബി ബാങ്ക് അവരുടെ ആദ്യത്തെ കൺസ്യൂമർ ക്രെഡിറ്റ് കാർഡായ സിഎസ്ബി ബാങ്ക് വൺകാർഡ് പുറത്തിറക്കി. നവീന ഡിജിറ്റൽ ബാങ്കിംഗ് സൊല്യൂഷനുകൾ ഉപയോഗിച്ച് ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിനുള്ള ബാങ്കിൻറെ കാഴ്ചപ്പാടിൻറെയും പുതിയ വളർച്ചാ തന്ത്രത്തിൻറെ ഭാഗമായാണ് കോ-ബ്രാൻഡഡ് ക്രെഡിറ്റ് മെറ്റൽ ക്രെഡിറ്റ് കാർഡ് പുറത്തിറക്കിയത്.സുഗമവും തടസ്സമില്ലാത്തതുമായ അനുഭവം നൽകുന്നതിന് മൊബൈൽ ആപ്പ് നൽകുന്ന ഡിജിറ്റൽ-ഫസ്റ്റ് ക്രെഡിറ്റ് കാർഡ് കൂടിയാണിത്. മൂന്നു മിനിറ്റിനുള്ളിൽ വെർചൽ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കും. മെറ്റൽ കാർഡ് 3-5 ദിവസങ്ങൾക്കുള്ളിൽ ഉപഭോക്താവിൻറെ പക്കലെത്തിക്കും. കാർഡ് എടുക്കുന്നതിനു മാത്രമല്ല, വാർഷിക ഫീസും ഇല്ല. വൺകാർഡ്, മാസ്റ്റർ കാർഡ് എന്നിവയുമായി സഹകരിച്ച് മൊബൈൽ-ഫസ്റ്റ് വൺകാർഡ് അവതരിപ്പിക്കുകയാണ്. പ്രത്യേകിച്ചും യുവജനങ്ങൾക്കും സാങ്കേതിക വിദഗ്ധർക്കും വേണ്ടിയുള്ള മികച്ച ഉപഭോക്തൃ ഉൽപ്പന്നങ്ങളും ബാങ്കിംഗ് സൊല്യൂഷനുകളും വിപുലീകരിക്കുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധതയുടെ ഭാഗമാണിതെന്ന് സിഎസ്ബി ബാങ്ക് എംഡിയും സിഇഒയുമായ പ്രാലേ മൊണ്ടൽ പറഞ്ഞു.



## ജില്ല കളക്ടറുടെ കാർത്തികപ്പള്ളി പരാതി പരിഹാര അദാലത്ത്: 244 പരാതികൾ തീർപ്പാക്കി

**ആലപ്പുഴ:** കാർത്തികപള്ളി താലൂക്കിൽ നടന്ന ജില്ല കളക്ടറുടെ പൊതുജന പരാതി പരിഹാര അദാലത്തിൽ ലഭിച്ച 244 പരാതികൾ പരിഹരിച്ചു. 249 പരാതികളാണ് അദാലത്തിൽ ലഭിച്ചത്. അതത് തലൂക്ക്തല വകുപ്പ് മേധാവികളുടെ സാന്നിധ്യത്തിൽ ജില്ല കളക്ടർ വി.ആർ. കൃഷ്ണ തേജ നേരിട്ടാണ് പരാതികൾ പരിഗണിച്ചത്. കൂടുതൽ പരിശോധനകൾ ആവശ്യമുള്ളവ തുടർ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കളക്ടർ കൈമാറി.അദാലത്ത് ദിവസം മാത്രം കാർത്തികപള്ളി താലൂക്ക് പരിധിയിൽ നിന്ന് 165 പരാതികളാണ് ലഭിച്ചത്. നേരത്തെ ലഭിച്ച 84 പരാതികളും ഉൾപ്പടെയാണ് 249 പരാതികൾ പരിഗണിച്ചത്. കുടിവെള്ള പ്രശ്നം, അതിർത്തി പ്രശ്നം, വഴി തർക്കം, വീട് നിർമാണം, ബാങ്കിങ്, കൃഷി, അനധികൃത കയ്യേറ്റം, വിദ്യാഭ്യാസ സഹായം, സ്വയം തൊഴിൽ സഹായം തുടങ്ങിയ പരാതികളാണ് അദാലത്തിൽ ലഭിച്ചത്.ഹരിപ്പാട് ശബരി ഓഡിറ്റോറിയത്തിൽ നടന്ന അദാലത്ത് ജില്ല കളക്ടർ വി.ആർ. കൃഷ്ണതേജ ഉദ്ഘാടനം ചെയ്തു. എ.ഡി.എം. എസ്. സന്തോഷ് കുമാർ, ഡെപ്യൂട്ടി കളക്ടർമാരായ ആശ സി. എബ്രഹാം, ജെ. മോബി, ചെങ്ങന്നൂർ ആർ.ഡി. ഒ. എസ്. സുമ, കാർത്തികപള്ളി തഹസിൽദാർ പി.എ. സജീവ് കുമാർ, ചെറുതന പഞ്ചായത്ത് പ്രസിഡന്റ് എബി മാത്യു,വിവിധ വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## കോവിഡ് അതിജീവനത്തിന്റെ സാക്ഷ്യമായി ബംഗ്ലാദേശിൽ നിന്ന് 'ഭൂമി'


**കൊച്ചി:** കഷ്ടപ്പാടും ദുരിതവും ജീവിത സംഘർഷങ്ങളുമെല്ലാം കലയ്ക്ക് എന്നും വളക്കൂറാകുമെന്നതിന്റെ മറ്റൊരു സാക്ഷ്യമായി ബിനാലെയിലെ 'ഭൂമി' സമൂഹ കലാ പദ്ധതിയിലുൾപ്പെട്ട പ്രതിഷ്ഠാപനം (ഇൻസ്റ്റലേഷൻ). കോവിഡ് മഹാമാരിയിൽ പൊതു ഇടങ്ങൾക്ക് പൂട്ടു വീണ് ജീവിതം വീട്ടകങ്ങളിൽ ഒതുങ്ങിക്കൂടിയ 2020 കാലം. തൊഴിലൊന്നുമില്ലാതെ വടക്കുപടിഞ്ഞാറൻ ബംഗ്ലാദേശിലെ താക്കൂർഗാവിലെ ബാലിയ ഗ്രാമത്തിൽ ജീവിതം ഗുരുതര പ്രതിസന്ധിയിലായി. നിലനിൽപ്പിന് നട്ടംതിരിഞ്ഞ മിക്കവാറും തന്നെ കർഷകരും കരകൗശലവും മറ്റു കൈത്തൊഴിൽ ചെയ്യുന്നവരുമായ ഗ്രാമീണർക്ക് കൈത്താങ്ങാകാൻ ആസൂത്രണം ചെയ്തതാണ് 'ഭൂമി' സമൂഹ കലാപദ്ധതി.നാലു ഗോത്രങ്ങളിലെ വെറും സാധാരണക്കാരായ ജനങ്ങളെ ഒന്നിച്ചിണക്കി ഗിദ്രീ ബാവ്‌ലി ആർട്ട്സ് ഫൗണ്ടേഷൻ, ദുർജോയ് ബംഗ്ലാദേശ് ഫൗണ്ടേഷന്റെ സഹകരണത്തോടെ 'ഭൂമി' പദ്ധതിയിൽ പങ്കാളികളാക്കി. അറിയപ്പെടുന്ന ബംഗ്ലാദേശി കലാകാരൻ കമറുസ്സമാൻ ഷാദിൻ ഈ ഗ്രാമീണർക്ക് സർഗ്ഗാത്മക നേതൃത്വം നൽകി. 2020 മെയ് മുതൽ ഓഗസ്റ്റ് വരെ ഇവർ ഒരുമിച്ച് പ്രാദേശിക വസ്തുക്കൾ ഉപയോഗിച്ച് കലാവിഷ്കാരം നടത്തി. ആ ശ്രേണിയിലെ പ്രതിഷ്ഠാപന (ഇൻസ്റ്റലേഷൻ) ങ്ങളിൽ ഒന്നാണ് മട്ടാഞ്ചേരി ടികെഎം വെയർഹൗസിൽ ബിനാലെയുടെ ക്ഷണിക്കപ്പെട്ട കലാപ്രദർശനത്തിലുള്ളത്. പദ്ധതിയുടെ പേരുതന്നെ ഈ കാലാവതരണത്തിനും: 'ഭൂമി'.ഓരോ ഗോത്രത്തോടും ബന്ധപ്പെട്ട പരമ്പരാഗത തൊഴിൽ മേഖലകളും രീതികളും തിരിച്ചറിഞ്ഞ് ആവശ്യമായ സാമഗ്രികളും അസംസ്കൃത വസ്തുക്കളും ശേഖരിക്കുകയാണ് ആദ്യം ചെയ്തതെന്ന് 'ഭൂമി' സമൂഹ കലാ പദ്ധതിയിൽ പങ്കാളിയായ അകലു ബുർമാൻ പറഞ്ഞു. തുടർന്നു തനത് കൃഷിരീതി, മനുഷ്യനും മണ്ണും



തമ്മിലെ ബന്ധം, ഗോത്രങ്ങൾക്കിടയിലെ സാമൂഹ്യ - സാംസ്കാരിക വിനിമയം എന്നിവ പ്രമേയമാക്കി പ്രതിഷ്ഠപനങ്ങൾ ഒരുക്കി. മുള, വൈക്കോൽ, ചണം തുടങ്ങി പ്രാദേശികമായി എളുപ്പത്തിൽ ലഭ്യമായ വസ്തുക്കളാണ് സങ്കേതങ്ങളാക്കിയത്. 'ഭൂമി' പദ്ധതി പുതിയൊരു ലോകം ഞങ്ങൾക്ക് തുറന്നുതന്നു. ഇപ്പോൾ കൊച്ചി മുസിരിസ് ബിനാലെയിൽ അവതരിപ്പിക്കാൻ അവസരമുണ്ടായത് സവിശേഷ അനുഭവമായെന്നും അകലു പറഞ്ഞു.ഉത്പതിഷ്ണുവായ മനുഷ്യന്റെ പ്രതിരോധശേഷിയും സർഗാത്മകതയും പ്രഖ്യാപിക്കുന്നതാണ് 'ഭൂമി' പദ്ധതിയെന്ന് നേതൃത്വം നൽകിയ കലാകാരൻ കമറുസ്സമാൻ ഷാദിൻ നിരീക്ഷിച്ചു. 'അടിസ്ഥാനപരമായി കർഷകരായ ഗ്രാമീണരെ പ്രകൃതിയുമായി വീണ്ടും ഇണക്കിച്ചേർക്കാനാണ് തീരുമാനിച്ചത്. സങ്കീർണ്ണമായ ഗോത്ര, കൃഷിയിട, ഉപജീവന ബന്ധങ്ങൾ നിലനിൽക്കെ അത് ഭേദിച്ച് കോവിഡ് വേളയിലും ശേഷവും നിലനിൽക്കുന്ന സുസ്ഥിര ബന്ധം മനുഷ്യനും പ്രകൃതിക്കുമിടയ്ക്ക് സാധ്യമാക്കാൻ ശ്രമിച്ചു. ഭൂമിയുടെ അന്തഃസത്ത പുനരാഖ്യാനം ചെയ്യാനും' - കമറുസ്സമാൻ പറഞ്ഞു.ബിനാലെയിലെ 'ഭൂമി' പ്രതിഷ്ഠാപനത്തിന് നാലു ഭാഗങ്ങളുണ്ട്. രാജാക്കന്മാർ, ബാവുൾ ഗായകർ,കർഷകർ, ഗ്രാമ പഞ്ചായത്ത് എന്നിങ്ങനെ നാലു വിഭാഗം ജനങ്ങളെ അവ പ്രതിനിധാനം ചെയ്യുന്നു.

## കർച്ചവ്യാധി നേരിടാൻ കേരളം; എല്ലാ മണ്ഡലങ്ങളിലും അത്യാധുനിക ഐസൊലേഷൻ വാർഡുകൾ

കോവിഡ് അടക്കമുള്ള പകർച്ച വ്യാധികളെ നേരിടാൻ കേരളം പൂർണ സജ്ജമാകുന്നു. ഇതിന്റെ ഭാഗമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും അത്യാധുനിക ഐസൊലേഷൻ വാർഡുകൾ ഒരുങ്ങുന്നു. 90 ആശുപത്രികളിലാണ് ആദ്യ ഘട്ടത്തിൽ ഇവ നിർമിക്കുന്നത്. ഇതിൽ 10 ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകൾ പ്രവർത്തനം തുടങ്ങി.ഓരോ നിയമസഭാ മണ്ഡലത്തിലേയും ഒരു ആശുപത്രിയിൽ 2400 ചതുരശ്ര അടി വിസ്തീർണമുള്ള ഐസൊലേഷൻ വാർഡാണു സജ്ജീകരിക്കുന്നത്. ഓരോ വാർഡിലും 10 കിടക്കകൾ വീതമുണ്ടാകും. പേഷ്യന്റ് കെയർ സോൺ, പ്രവേശന ലോബിയോട് കൂടിയ കാത്തിരിപ്പ് കേന്ദ്രം, വിതരണ സ്റ്റോർ, സ്റ്റാഫ് റൂം, ഡോക്ടേഴ്സ് റൂം, ഡ്രെസിംഗ് റൂം, നഴ്സസ് സ്റ്റേഷൻ, എമർജൻസി പ്രൊസീജർ റൂം, ശൗചാലയ ബ്ലോക്ക്, മെഡിക്കൽ ഗ്യാസ് സംഭരണത്തിനുള്ള റൂം, പാസേജ് തുടങ്ങിയ സൗകര്യങ്ങളോടു കൂടിയ മുറികൾ ഓരോ വാർഡിലുമുണ്ടാകും. എം.എൽ.എ. ഫണ്ടും കിഫ്ബി ഫണ്ടും ഉപയോഗിച്ചാണ് ഐസൊലേഷൻ വാർഡുകൾ നിർമിക്കുന്നത്. 250 കോടി രൂപ ചെലവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ നടപ്പാക്കുന്ന പദ്ധതിയിൽ തിരുവനന്തപുരം പൂവാർ സാമൂഹികാരോഗ്യ കേന്ദ്രം, കൊല്ലം നെടുങ്കോലം സി.എച്ച്.സി, നെടുമ്പന സി.എച്ച്.സി, തെക്കുംഭാഗം സി.എച്ച്.സി, തൃശൂർ വടക്കഞ്ചേരി ജില്ലാ ആശുപത്രി, പഴഞ്ഞി സി.എച്ച്.സി, പഴയന്നൂർ സി.എച്ച്.സി, മലപ്പുറം വളവന്നൂർ സി.എച്ച്.സി, കോഴിക്കോട് ഗവൺമെന്റ് മെന്റൽ ഹെൽത്ത് സെന്റർ, ചേവായൂർ ഗവൺമെന്റ് ഡർമെറ്റോളജി എന്നിവിടങ്ങളിലാണ് ഇപ്പോൾ ഐസൊലേഷൻ വാർഡുകൾ പ്രവർത്തനസജ്ജമായിരിക്കുന്നത്. 75 എണ്ണത്തിന്റെ നിർമാണം ജനുവരിയിൽ പൂർത്തിയാകും. ആദ്യ ഘട്ടത്തിൽ നിർമാണം പൂർത്തിയായ ആധുനിക ഐസൊലേഷൻ വാർഡുകളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.






# അന്താരാഷ്ട്ര ഹോളിസ്റ്റിക് വെൽനസ് പ്രോഗ്രാമായ വൈറ്റാലിറ്റിയുമായി ടാറ്റ എഐഎ

ഇന്ത്യയിലെ പ്രമുഖ ലൈഫ് ഇൻഷുററായ ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് അതിന്റെ റൈഡർ പാക്കേജുകളായ വിറ്റാലിറ്റി പ്രൊട്ടക്റ്റ് & വൈറ്റാലിറ്റി ഹെൽത്ത് വഴി ലഭ്യമായ ഒരു അതുല്യമായ വെൽനസ് പ്രോഗ്രാമിന്റെ സമാരംഭത്തോടെ ലൈഫ് ഇൻഷുറൻസ് പരിഹാരങ്ങളുടെ ശൃംഖല മെച്ചപ്പെടുത്തി. കഴിഞ്ഞ 25 വർഷമായി 40 രാജ്യങ്ങളിലായി 30 ദശലക്ഷത്തിലധികം വ്യക്തികൾക്ക് പ്രയോജനം ചെയ്ത ഒരു വൈറ്റാലിറ്റി പ്ലാറ്റ്ഫോമിലേക്കാണ് ഈ സമാരംഭത്തോടെ ടാറ്റ എഐഎ ഇന്ത്യയിലെ ഉപഭോക്താക്കളെ പരിചയപ്പെടുത്തുന്നത്.ടാറ്റ എഐഎ വൈറ്റാലിറ്റി വെൽനസ് പ്രോഗ്രാം, സമഗ്രമായ ക്ഷേമത്തിനായി അവശ്യ നടപടികൾ സ്വീകരിക്കാൻ ഉപഭോക്താക്കളെ സഹായിക്കുന്നതിന് ഡാറ്റ അടിസ്ഥാനമാക്കിയുള്ള വിശകലന ഉപകരണങ്ങൾ ഉപയോഗിക്കുന്നു. ഉപഭോക്താക്കൾക്ക് അവരുടെ നിലവിലെ ആരോഗ്യവും ആരോഗ്യസ്ഥിതിയും വിലയിരുത്താൻ പ്രാപ്തമാക്കുന്ന 'നോ യുവർ ഹെൽത്ത്', ഉപഭോക്താക്കൾക്ക് അവരുടെ മാനസികവും ശാരീരികവും സാമൂഹികവുമായ ക്ഷേമം മെച്ചപ്പെടുത്തുന്നതിന് പങ്കെടുക്കാൻ കഴിയുന്ന, പ്രതിവാര വെല്ലുവിളികളും പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന 'ഇമ്പ്രൂവ് യുവർ ഹെൽത്ത്', പ്രത്യേക വെൽനസ് നാഴികക്കല്ലുകളിൽ എത്തുമ്പോൾ പ്രീമിയങ്ങളിൽ കിഴിവ് നേടാൻ ഉപഭോക്താക്കളെ സഹായിക്കുന്ന 'ഗെറ്റ് റിവാർഡഡ്' എന്നിങ്ങനെ മൊബൈൽ ആപ്ലിക്കേഷൻ അടിസ്ഥാനമാക്കിയുള്ള ഇന്റർഫേസ് മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.ടാറ്റ എഐഎയുടെ ഇൻഷുറൻസ് പ്ലാനുകളിൽ ടേം, സേവിംഗ്, റിട്ടയർമെന്റ് എന്നിവയിൽ ലഭ്യമായ റൈഡറുകൾ വാങ്ങുന്നതിലൂടെ ഉപഭോക്താക്കൾക്ക് ഈ ഹോളിസ്റ്റിക് വെൽനസ് പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്താം. അടിസ്ഥാന ഇൻഷുറൻസ് പോളിസിക്കൊപ്പം ചെറിയ അധിക പ്രീമിയങ്ങൾ അടച്ചാൽ റൈഡറുകൾ ഉപഭോക്താക്കൾക്ക് വിലപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നു. വൈറ്റാലിറ്റി പ്രൊട്ടക്റ്റ് റൈഡർ, ഉപഭോക്താക്കൾക്ക് അവരുടെ ടേം ഇൻഷുറൻസ് പരിരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള ഓപ്ഷൻ നൽകുന്നതിനുപുറമെ, അപകട മരണം, ആകസ്മിക മൊത്തവും സ്ഥിരമായ വൈകല്യവും പോലുള്ള സംഭവവികാസങ്ങൾക്കെതിരെ സമഗ്രമായ പരിരക്ഷ വാഗ്ദാനം ചെയ്യുന്നു. ഏതെങ്കിലും ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടാൽ ഗുരുതരമായ രോഗ പരിരക്ഷയും ദിവസേനയുള്ള പണവും പോലുള്ള കവറുകളാണ് വൈറ്റാലിറ്റി ഹെൽത്ത് റൈഡർ. 'ടാറ്റ എഐഎയിൽ, ഉപഭോക്തൃ അഭിനിവേശത്തിന്റെ മൂല്യമാണ് ഞങ്ങളെ നയിക്കുന്നത്. ഉപഭോക്താക്കളുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾക്ക് അനുസൃതമായി ഞങ്ങൾ തുടർച്ചയായി വികസിക്കുകയും നൂതനവും ഉപഭോക്തൃ കേന്ദ്രീകൃതവുമായ പരിഹാരങ്ങൾ അവതരിപ്പിക്കുന്നത് ഉറപ്പാക്കുകയും ചെയ്യുന്നു. ഒരു പേയറിൽ നിന്ന് പങ്കാളിയിലേക്കുള്ള ഞങ്ങളുടെ മാറ്റത്തിലെ സുപ്രധാന ഘട്ടമാണ് വൈറ്റാലിറ്റി പ്രൊപ്പോസിഷൻ അവതരിപ്പിക്കുന്നത്. ഞങ്ങളുടെ ഉപഭോക്താക്കൾക്ക് ആരോഗ്യകരമായ ഒരു ജീവിതശൈലി സ്വീകരിക്കാനും ഞങ്ങളുടെ മറ്റ് പരിഹാരങ്ങളിൽ നിന്ന് അവർ ആസ്വദിക്കുന്നതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ നൽകാനും ഞങ്ങളുടെ സംരംഭം അവസരമൊരുക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.' തദവസരത്തിൽ സംസാരിച്ച ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് പ്രസിഡന്റും ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസറുമായ വെങ്കി അയ്യർ പറഞ്ഞു.വൈറ്റാലിറ്റി വെൽനസ് പ്രോഗ്രാം 20 വർഷങ്ങൾക്ക് മുമ്പ് ദക്ഷിണാഫ്രിക്കയിൽ സ്ഥാപിതമായതാണ്, കൂടാതെ വൈറ്റാലിറ്റിയെ നയിക്കുന്നത് ഡാറ്റയുടെയും വിവരങ്ങളുടെയും സമ്പത്താണ്. 50 ദശലക്ഷത്തിലധികം ആയുഷ്കാലത്തെ ബിഹേവിയറൽ-ലിങ്ക്ഡ് ഇൻഷുറൻസ് ഡാറ്റ ഉപയോഗിച്ച് - വൈറ്റാലിറ്റിക്ക് അതിന്റെ വലിയ ഡാറ്റ അസറ്റ് ഉപയോഗിച്ച് അതിന്റെ മാതൃക തുടർച്ചയായി വികസിപ്പിക്കാൻ കഴിയും. മികച്ച ക്ലിനിക്കൽ, ശാസ്ത്രീയ ഗവേഷണങ്ങളെ അടിസ്ഥാനമാക്കി, മികച്ച ആരോഗ്യ തിരഞ്ഞെടുപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇത് ആക്ച്വറിയൽ സേവിംഗ്സ് ഉപയോഗിക്കുന്നു.




# കേരളത്തിലെ സ്റ്റാർട്ടപ്പുകളിൽ 89 ശതമാനം പുരുഷ മേധാവിത്വം

കേരളത്തിലെ മൊത്തം സ്റ്റാർട്ടപ്പ് കമ്പനികളിൽ 89 ശതമാനം പുരുഷൻമാരുടെ നിയന്ത്രണത്തിലാണെന്ന് കണക്കുകൾ.കഴിഞ്ഞ ദിവസം സ്റ്റാർട്ടപ്പ് മിഷൻ പുറത്തിറക്കിയ 'സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം റിപ്പോർട്ട്' ആണ് കണക്കുകൾ പുറത്തുവിട്ടത്. 11 ശതമാനത്തിൽ മാത്രമാണ് വനിതാ സ്റ്റാർട്ടപ്പുകളെ നിയന്ത്രിക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു. സംസ്ഥാനത്തെ നിലവിലെ സാഹചര്യങ്ങൾ കൂടുതൽ വനിതാ സംരംഭകർക്ക് അനുകൂലാവസരങ്ങൾ ഉണ്ടാക്കുന്നതാണെന്നും റിപ്പോർട്ട് വിലയിരുത്തുന്നു.കേരളം കേന്ദ്രമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളിലേക്ക് ഇതുവരെ എത്തിയത് 55.1 കോടി ഡോളറിന്റെ (ഏതാണ്ട് 4500 കോടി രൂപയിലധികം) നിക്ഷേപമാണ്. ഫിൻടെക്, സാസ് സ്റ്റാർട്ടപ്പുകളാണ് ഇതിൽ വെഞ്ചർ കാപ്പിറ്റൽ ഫണ്ട് ലഭ്യമാക്കുന്നതിൽ മുൻനിരയിലെത്തിയത്. കേരളത്തിന്റെ സ്റ്റാർട്ടപ്പ് മേഖലയിലേക്ക് എത്തിയ മൊത്തം നിക്ഷേപത്തിന്റെ 66 ശതമാനവും സ്വരൂപിക്കാൻ ഇത്തരം സ്റ്റാർട്ടപ്പുകൾക്ക് കഴിഞ്ഞിട്ടുണ്ട്.ഇത് 36.4 കോടി ഡോളർ വരും. ഇതിൽ 97 ശതമാനവും 2015-നു ശേഷം ലഭിച്ചതാണെന്ന് 'സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം റിപ്പോർട്ട്' വ്യക്തമാക്കുന്നു. 2019-ൽ സ്റ്റാർട്ടപ്പ് മിഷൻ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളുടെ എണ്ണം 2,200 മാത്രമായിരുന്നു. 8.9 കോടി ഡോളർ നിക്ഷേപമായിരുന്നു അന്ന് ലഭിച്ചത്. ഇത് 4000 സ്റ്റാർട്ടപ്പുകളായി ഉയർന്നാണ് ഇത്രയധികം നിക്ഷേപത്തിലേക്കെത്തിയതെന്നും റിപ്പോർട്ടിൽ പറയുന്നു.

**ജില്ലകളിൽ മുന്നിൽ എറണാകുളം**

വെഞ്ചർ കാപിറ്റൽ നിക്ഷേപത്തിൽ വലിയ നേട്ടമുണ്ടാക്കിയത് കൊച്ചിയിൽനിന്നുള്ള കമ്പനികളാണ്. മൊത്തം ഇടപാടുകളിൽ 74 ശതമാനവും കൊച്ചിയിലും 14 ശതമാനം തിരുവനന്തപുരത്തും 12 ശതമാനം മറ്റിടങ്ങൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കമ്പനികളിലുമാണ്.

**ഹാർഡ്‌വേർ കമ്പനികളിൽ മുന്നേറ്റം**

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഹാർഡ്‌വേർ മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് കമ്പനികൾക്ക് കൂടുതൽ നിക്ഷേപം ലഭിക്കുന്നുണ്ട്. 0.6 ശതമാനമാണ് അഖിലേന്ത്യാ ശരാശരിയെങ്കിൽ കേരളത്തിലേത് മൊത്തം നിക്ഷേപത്തിന്റെ ആറ് ശതമാനവുമാണ്. മുംബൈ കേന്ദ്രമായുള്ള കമ്പനികളിൽ ഇത് ഒരു ശതമാനവും ഡൽഹിയിൽ 0.92 ശതമാനവുമാണ്. ബെംഗളൂരുവിൽ 0.03 ശതമാനത്തിന്റെയും നിക്ഷേപമാണ് ഈ മേഖലയിലുണ്ടായത്.

**4000 സ്റ്റാർട്ടപ്40,000 ജോലി**

നാലായിരത്തിലധികം സ്റ്റാർട്ടപ്പുകളിലൂടെ 40,000-ൽ അധികം പേർക്കാണ് ജോലി ലഭിച്ചത്. ഇതുവഴി സംസ്ഥാന സർക്കാരിൽ നിന്ന് 10.1 കോടി ഡോളർ ഫണ്ട് ഒഫ് ഫണ്ടായും ലഭിച്ചു. 0.28 കോടി ഡോളർ ഇന്നൊവേഷൻ ഗ്രാന്റായും ഇതുവരെ സംസ്ഥാന സർക്കാർ നൽകി. 63 ആക്ടീവ് ഇൻകുബേറ്ററുകളും 375 മിനി ഇൻകുബേറ്ററുകളുമാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്.

FILM WORLD




# ഓസ്കർ നോമിനേഷനായി കാന്താര; രണ്ടാം ഭാഗം ഉണ്ടാകുമെന്ന് ഹൊംബാളെ ഫിലിംസ്

2022ലെ ഏറ്റവും വലിയ വിജയങ്ങളിലൊന്നായിരുന്നു ഋഷഭ് ഷെട്ടി സംവിധാനം ചെയ്ത കാന്താര. 16 കോടി മുതൽമുടക്കിൽ പുറത്തിറങ്ങിയ ചിത്രം 400 കോടിയോളമാണ് സ്വന്തമാക്കിയത്.ബിഗ് ബജറ്റിൽ വന്ന കെജിഎഫ് 2-വിന്റെ സ്വീകാര്യതയെ പോലും മറികടക്കാൻ ഋഷഭ് ഷെട്ടിയുടെ കാന്താരയ്ക്ക് കഴിഞ്ഞു. മിത്തും മണ്ണും മനുഷ്യനും കൂടിച്ചേർന്ന മാന്ത്രികതയായിരുന്നു കാന്താര. പ്രേക്ഷകരെ മറ്റൊരു ലോകത്തേയ്ക്ക് കൂട്ടി കൊണ്ടു പോകുന്ന ചിത്രത്തിന് വലിയ പ്രശംസയാണ് ലഭിച്ചത്. സിനിമ ഉറപ്പായും ഓസ്കർ നോമിനേഷന് പരിഗണിക്കണമെന്ന് പ്രേക്ഷകർ ആവശ്യപ്പെട്ടിരുന്നു. ഇപ്പോഴിതാ, 2023-ലെ ഓസ്കറിന് കാന്താരയും അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് സ്ഥിരീകരിച്ചിരിക്കുകയാണ് ഹൊംബാളെ ഫിലിംസിന്റെ സഹസ്ഥാപകൻ വിജയ് കിരങ്ങണ്ടൂർ.'ഞങ്ങൾ കാന്താരയ്ക്കായി ഓസ്കറിന് അപേക്ഷ സമർപ്പിച്ചു. അന്തിമ നോമിനേഷനുകൾ ഇനിയും വരാനിരിക്കുന്നതിനാൽ കാത്തിരിപ്പ് തുടരുകയാണ്. കാന്താര ഒരു കഥ എന്ന നിലയിൽ വളരെയധികം വേരൂന്നിയതാണ്. അതിന് ലോകമെമ്പാടും ഒരു ശബ്ദം കണ്ടെത്താൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്' എന്ന് വിജയ് കിരങ്ങണ്ടൂർ പറഞ്ഞു.കാന്താരയുടെ രണ്ടാം ഭാഗത്തെപ്പറ്റിയും നിർമ്മാതാവ് പ്രതികരിച്ചു. 'കാന്താരയ്ക്ക് ലഭിച്ച വലിയ സ്വീകാര്യതയിൽ സന്തോഷമുണ്ട്. ചിത്രത്തിന്റെ പ്രീക്വലോ സീക്വലോ ചെയ്യാൻ ആലോചനയുണ്ട്. ഇക്കാര്യം ഋഷഭ് ഷെട്ടിയുമായി ആലോചിച്ച് വൈകാതെ തീരുമാനമെടുക്കും. തീർച്ചയായും കാന്താര 2 ചെയ്യാൻ ആലോചിക്കുന്നു. എന്നാൽ അതിന്റെ ടൈംലൈൻ പറയാൻ ഇപ്പോൾ സാധിക്കില്ല' എന്നാണ് വിജയ് കിരങ്ങണ്ടൂർ പ്രതികരിച്ചത്. കാന്താരയുടെ തുടർഭാഗത്തിന്റെ പണിപ്പുരയിലാണ് ഋഷഭ് ഷെട്ടി.

# ഉപദേശത്തിന്റെ കാര്യത്തിൽ അച്ഛനേക്കാൾ മികച്ചയാൾ ചേട്ടനാണെന്ന് ധ്യാൻ ശ്രീനിവാസൻ

ഉപദേശത്തിന്റെ കാര്യത്തിൽ അച്ഛനേക്കാൾ മികച്ചയാൾ ചേട്ടനാണെന്ന് ധ്യാൻ ശ്രീനിവാസൻ. അച്ഛന് നമ്മുടെ സന്തോഷവും സങ്കടവും ഒന്നും ഒരു വിഷയമേ അല്ലെന്നും വിനീത് പിന്നെ നമ്മുടെ സങ്കടത്തിൽ പങ്കുചേരുമെന്നും ധ്യാൻ പറയുന്നു.ഞാൻ പുകവലിച്ച് വന്നപ്പോൾ പുള്ളിയുടെ കണ്ണൊക്കെ നിറഞ്ഞു. ഇതൊന്നും ചെയ്യാൻ പാടില്ല. അച്ഛനെ കണ്ട് നമ്മൾ പഠിക്കണ്ടേ എന്നൊക്കെ ആയിരുന്നു. ഞാൻ അച്ഛനെ കണ്ട് വലിച്ച് പഠിച്ച ആളും പുള്ളി അച്ഛനെ കണ്ട് വലിക്കാൻ പാടില്ലെന്ന് പഠിച്ച ആളുമാണ്. രണ്ടുപേരുടെ അടുത്ത് നിന്നും കടം വാങ്ങിയിട്ടില്ല. കടം എന്ന് പറയുമ്പോൾ സ്വാഭാവികമായും തിരിച്ചു കൊടുക്കണമല്ലോ'.'രണ്ടു പേരും എനിക്ക് വാരി കോരി തന്നിട്ടുണ്ട്. കൂടുതൽ അച്ഛന്റെ അടുത്ത് നിന്ന് തന്നെയാണ്. പക്ഷെ രണ്ടു പേരും ഇതിന് കണക്ക് വെച്ചിട്ടുണ്ടായിരുന്നു. ഞാൻ വർഷങ്ങൾ കഴിഞ്ഞാണ് അത് തിരിച്ചറിഞ്ഞത്. സന്തോഷവും സങ്കടവും ഒക്കെ രണ്ടുപേരോടും ഷെയർ ചെയ്യാൻ പറ്റില്ല'.'അച്ഛന് നമ്മുടെ സന്തോഷവും സങ്കടവും ഒന്നും ഒരു വിഷയമേ അല്ല. നീ ചത്താലും ഞങ്ങൾ സന്തോഷിക്കേയുള്ളു എന്ന സീനാണ്. വിനീത് പിന്നെ നമ്മുടെ സങ്കടത്തിൽ പങ്കുചേരും. അങ്ങനെയൊക്കെയാണല്ലേ ധ്യാൻ എന്ന് പറഞ്ഞ് നമ്മുടെ കൂടെ നിക്കുമെന്ന് തോന്നും. പക്ഷെ പെട്ടെന്ന് ഒരു ഫോൺ വന്നാൽ ആ വഴി പോകും' ധ്യാൻ പറഞ്ഞു.











# അച്ഛനൊപ്പം പാചകം ചെയ്യാൻ പ്രണവുമെത്തി

മോഹൻലാലും മകൻ പ്രണവും ഒന്നിച്ചെത്തുന്ന വേദികളും ചിത്രങ്ങളും വളരെ കുറവാണ്. ഇരുവരും സോഷ്യൽ മീഡിയയിൽ സജീവമാണെങ്കിലും ഒരുമിച്ചുള്ള ചിത്രങ്ങൾ വളരെ കുറവാണ്.പ്രണവും മോഹൻലാലും ഒന്നിച്ചുള്ള ഒരു ചിത്രമാണ് ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലാകുന്നത്. ഫാൻസ് പേജുകളിലൂടെയാണ് ചിത്രം ശ്രദ്ധ നേടുന്നത്.പ്രണവിനൊപ്പം ഭക്ഷണം പാകം ചെയ്യുന്ന മോഹൻലാലിനെ ചിത്രത്തിൽ കാണാം. പാകം ചെയ്യുക മാത്രമല്ല ഒന്നിച്ചിരുന്ന് ഭക്ഷണവും കഴിക്കുന്നുണ്ട്.യാത്രകളെ ഒരുപാട് സ്നേഹിക്കുന്ന പ്രണവ് യൂറോപ്പ് ട്രിപ്പിലായിരുന്നു. കഴിഞ്ഞ ദിവസം പ്രണവ് തന്റെ പ്രൊഫൈലിലൂടെ പങ്കുവെച്ച റീൽ വീഡിയോ ഏറെ ശ്രദ്ധ നേടിയിരുന്നു.ജിത്തു ജോസഫിന്റെ റാം ആണ് മോഹൻലാലിന്റെ പുതിയ ചിത്രം. തൃഷ നായികയായെത്തുന്ന ചിത്രത്തിന്റെ ഷൂട്ടിങ് പൂർത്തിയായിട്ടുണ്ട്.




# സന്തോഷ് ട്രോഫിക്കുള്ള കേരള ടീം പ്രഖ്യാപിച്ചു

76 ആമത് സന്തോഷ് ട്രോഫി ചാമ്പ്യൻഷിപ്പിനുള്ള കേരള ടീമിനെ പ്രഖ്യാപിച്ചു. 16 പുതുമുഖങ്ങൾ ഉൾക്കൊള്ളുന്ന 22 അംഗ ടീമിനെ മിഥുൻ വി നയിക്കും. കേരള ടീമിലെ ഗോൾ കീപ്പറാണ് മിഥുൻ. പി ബി രമേശ് ആണ് പരിശീലകൻ. നിലവിലെ ചാമ്പ്യന്മാരായ കേരളം കിരീടം നിലനിർത്താനാണ് ഇറങ്ങുക. ഡൽഹി, കോഴിക്കോട്, ഭുവനേശ്വർ എന്നീ വേദികളിലായാണ് യോഗ്യതാ മത്സരങ്ങൾ നടക്കുന്നത്. ആറ് ഗ്രൂപ്പുകളിൽ മിസോറാം, രാജസ്ഥാൻ, ബിഹാർ, ആന്ധ്രാ പ്രദേശ്, ജമ്മു കശ്മീർ എന്നിവർക്കൊപ്പം ഗ്രൂപ്പ് രണ്ടിലാണ് കേരളം. ഗ്രൂപ്പ് ഘട്ട മത്സരങ്ങൾക്ക് നാളെ ഡൽഹിയിൽ തുടക്കമാകും. നിലവിലെ ജേതാക്കളായ കേരളം ഉൾപ്പെടുന്ന ഗ്രൂപ്പ് രണ്ടിലെ മൽസരങ്ങൾ 26 മുതൽ 28 വരെ കോഴിക്കോടാണ് നടക്കുക. രാജസ്ഥാനുമായാണ് കേരളത്തിന്റെ ആദ്യമൽസരം.പുതുമുഖങ്ങളാണ് ടീമിലുള്ളത് എങ്കിലും പരിചയ സമ്പന്നരാണ് എല്ലാവരുമെന്നും മികച്ച പ്രകടനം നടത്തനാകുമെന്നും ടീം ക്യാപ്റ്റൻ വി മിഥുൻ പ്രതികരിച്ചു. ഇത് തുടർച്ചയായ ഏഴാം തവണയാണ് മിഥുൻ ടീമിൽ എത്തുന്നത്. ടീമിലെ ഏട്ട് താരങ്ങൾ തിരുവനന്തപുരത്ത് നിന്നാണ്.

ടീം അംഗങ്ങൾ

ഗോൾ കീപ്പർമാർ വി. മിഥുൻ (കണ്ണൂർ), പി. എ. അജ്മൽ (മലപ്പുറം), ടി.വി. അൽക്കേഷ് രാജ് (തൃശൂർ)പ്രതിരോധം എം. മനോജ്, ആർ. ഷിനു, ബെഞ്ചമിൻ ബോൾസ്റ്റർ, ജെ. ജെറിറ്റൊ (തിരുവനന്തപുരം), കെ. അമീൻ, യു. മുഹമ്മദ് സലിം (മലപ്പുറം), സച്ചു സിബി (ഇടുക്കി), അഖിൽ ജെ. ചന്ദ്രൻ (എറണാകുളം)മധ്യനിര ഋഷിദത്ത് (തൃശൂർ), എം. റാഷിദ്, റിസ്വാൻ അലി (കാസർകോട്), ഗിഫ്റ്റി സി. ഗ്രേഷ്യസ് (വയനാട്), നിജോ ഗിൽബർട്, പി. അജീഷ് (തിരുവനന്തപുരം), വിശാഖ് മോഹൻ (എറണാകുളം), കെ.കെ. അബ്ദുറഹീം (മലപ്പുറം)മുന്നേറ്റം എം. വിനീഷ്, ബി. നരേഷ്, ജോൺപോൾ.




# ഉമേഷ് യാദവിനും അശ്വിനും നാലു വിക്കറ്റ്

ധാക്ക: ഇന്ത്യക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്റെ ഒന്നാം ഇന്നിങ്സിൽ ബംഗ്ലാദേശ് 227 റൺസിന് പുറത്ത്.മറുപടി ബാറ്റിങ് ആരംഭിച്ച ഇന്ത്യ വിക്കറ്റൊന്നും നഷ്ടപ്പെടാതെ 19 റൺസെടുത്തിട്ടുണ്ട്.ടോസ് നേടി ബാറ്റിങ് തെരഞ്ഞെടുത്ത ആതിഥേയർ 73.5 ഓവറിൽ 227 റൺസെടുക്കുന്നതിനിടെ എല്ലാവരും പുറത്തായി. ടീമിലേക്കു തിരിച്ചെത്തിയ മോമിനുൽ ഹഖ് ഒരുവശത്ത് പൊരുതിനിന്നെങ്കിലും ബാക്കിയുള്ളവർ വേഗത്തിൽ മടങ്ങി. താരം 157 പന്തിൽ 12 ഫോറും ഒരു സിക്സും അടക്കം 84 റൺസെടുത്ത് ടീമിൻറെ ടോപ് സ്കോററായി. നാലു താരങ്ങൾക്ക് രണ്ടക്കം കാണാനായില്ല.ഉമേഷ് യാദവ്, രവിചന്ദ്രൻ അശ്വിൻ എന്നിവരുടെ നാലു വിക്കറ്റ് പ്രകടനമാണ് ഇന്ത്യക്ക് കരുത്തായത്. ഓപ്പണർ നജ്മുൽ ഹുസൈൻ ഷാന്റോ (57 പന്തിൽ 24), സാകിർ ഹസൻ (34 പന്തിൽ 15), നായകൻ ഷാക്കിബ് അൽ ഹസൻ (39 പന്തിൽ 16), മുഷ്ഫിഖുർ റഹിം (46 പന്തിൽ 26), ലിറ്റൻ ദാസ് (26 പന്തിൽ 25), മെഹ്ദി ഹസൻ മിറാസ് (51 പന്തിൽ 15), നൂറുൽ ഹസൻ (13 പന്തിൽ ആറ്), ടസ്കിൻ അഹമ്മദ് (16 പന്തിൽ ഒന്ന്), ഖാലിദ് അഹമ്മദ് (0) എന്നിങ്ങനെയാണ് മറ്റു താരങ്ങളുടെ പ്രകടനം. തയ്ജുൽ ഇസ്ലാം നാലു റൺസുമായി പുറത്താകാതെ നിന്നു.ഇന്ത്യക്കായി ജയ്ദേവ് ഉനദ്കട് രണ്ട് വിക്കറ്റ് വീഴ്ത്തി. ആദ്യ ദിനം വെളിച്ചക്കുറവു മൂലം നേരത്തേ കളി നിർത്തുകയായിരുന്നു. ശുഭ്മൻ ഗിൽ (20 പന്തിൽ 14 റൺസ്), നായകൻ കെ.എൽ. രാഹുൽ (30 പന്തിൽ മൂന്ന്) എന്നിവരാണ് ക്രീസിൽ. ബംഗ്ലാദേശിന്റെ ഒന്നാം ഇന്നിങ്സ് സ്കോറിനേക്കാൾ 208 റൺസ് പിന്നിലാണ് ഇന്ത്യ.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com